കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# മാടായി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2015- 16


## ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

lfaddistofficeknr@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം.കെ എസ്എ/കെഎൻആർ/സി2/2095/2016.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
ഇ-മെയിൽ lfaddistofficeknr@gmail.com
വെബ് www.lfa.kerala.gov.in
ഫോൺ - 0497 2707698,
തീയതി : 06.01.2017.

ഡെപ്യൂട്ടി ഡയറക്ടർ.

പ്രസിഡണ്ട് (സെക്രട്ടറി മുഖേന),
മാടായി ഗ്രാമപഞ്ചായത്ത്.

സർ,

വിഷയം:-മാടായി ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

**************************

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) വകുപ്പ് എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മാടായി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ വരവുചെലവു കണക്കുകളുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ടിലെ 2,3 ഭാഗങ്ങളിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് –പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ച തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ15(1), 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ.

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം (ഇ മെയിൽ)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ (ഉപരിപത്രം സഹിതം)

3) കാര്യാലയ പ്രതി.

PVP

നം.കെഎസ്എ/കെഎൻആർ/സി2/2095/2016.

തീയതി : 06.01.2017.

# കണ്ണൂർ ജില്ലയിലെ മാടായി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(4) , 1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)*

ആമുഖം

മാടായി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളും വാർഷിക ധനകാര്യപത്രികയും ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമപഞ്ചായത്ത് 01.04.16 മുതൽ 18.11.16 തീയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൌണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിക്കുകയുണ്ടായി.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയതിന് ലഭ്യമായ മറുപടി പരിഗണിച്ച ശേഷം നിലനില്ക്കുന്ന പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. 33 ഓഡിറ്റ് എൻക്വയറികൾ നല്കിയതിൽ 31 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകൾ/രേഖകൾ/വിശദീകരണം/വിവരങ്ങൾ, കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിൽ നിർദ്ദേശിച്ച പ്രകാരമുള്ള പർഫോമൻസ് ഓഡിറ്റിൽ പരിശോധനയ്ക്ക് വിധേയമാക്കിയ വിവരങ്ങൾ/ഓഡിറ്റ് റിപ്പോർട്ട്/ഗ്രാമപഞ്ചായത്തിന്റെ തീരുമാനം എന്നിവയുടെ അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവും ഉണ്ടായിരിക്കുന്നതല്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്താൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേര് | ശ്രീ അശോകൻ മഠത്തിൽ, ഡെപ്യൂട്ടി ഡയറക്ടർ. |

.

| | |
|---|---|
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 19.11.2016 മുതൽ 30.11.2016 വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| പേര് | തസ്തിക |
|---|---|
| ശ്രീമതി.സിന്ധു ടി.പി. | ഓഡിറ്റ് ഓഫീസർ |
| ശ്രീ.സുധീഷ് എം. പി. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ (26.11.16 മുതൽ) |
| ശ്രീമതി.ഷീല കെ. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ.ലതീഷ് കുമാർ കെ.കെ. | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി. രാജമ്മ തച്ചൻ | 01.04.15 മുതൽ 31.10.15 വരെ |
| | അഡ് മിനിസ്ട്രേറ്റീവ് കമ്മറ്റി<br>1.ശ്രീ.അബ്ദുൾഫത്താഹ ബി, സെക്രട്ടറി<br>2. ശ്രീ.വിനോദ്കുമാർ ടി, കൃഷി ഓഫീസർ<br>3. ശ്രീമതി.ഉഷ എം.വി., ഐസിഡിഎസ് സൂപ്പർവൈസർ | 01.11.15 മുതൽ 11.11.15 വരെ |
| | ശ്രീമതി.ആബിദ എസ്.കെ. | 19.11.15 മുതൽ 31.03.16 വരെ<br>(12.11.15-ന് ഭരണ സമിതി നിലവിൽ വന്നു. പ്രസിഡണ്ട് ചുമതലയേറ്റത് 19.11.15-ന്) |
| സെക്രട്ടറി | ശ്രീ.അബ്ദുൾ ഫത്താഹ ബി. | 01.04.15 മുതൽ 31.03.16 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി.എഞ്ചിനീയർ | ശ്രീ.പുഷ്പജൻ സി.കെ. | 01.04.15 മുതൽ 31.01.16 വരെ.<br>അതിനു ശേഷം പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം നടത്തിയത് സെക്രട്ടറിയാണ് |

| | | |
|---|---|---|
| കൃഷി ഓഫീസർ | ശ്രീ.വിനോദ്കുമാർ ടി. | 01.04.15 മുതൽ 31.03.16 വരെ |
| വി ഇ ഒ 1 | ശ്രീമതി. ദീപ കെ.വി. | 01.04.15 മുതൽ 31.03.16 വരെ |
| വി ഇ ഒ 11 | ശ്രീമതി.ഷീന കെ.എം | 02.05.15 മുതൽ 31.03.16 വരെ |
| ഹെഡ് മാസ്റ്റർ | ശ്രീ.കുമാരൻ പി. | 01.04.15 മുതൽ 31.03.16 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ. പ്രസൂൺ സി. | 01.04.15 മുതൽ 31.03.16 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. രശ്മി എൻ. ഇ. | 01.04.15 മുതൽ 31.03.16 വരെ |
| ഐ സി ഡി എസ് സൂപ്പർവൈസർ | ശ്രീമതി. ഉഷ എം. വി. | 01.04.15 മുതൽ 31.03.16 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.അശോകൻ എൻ.കെ | 01.04.15 മുതൽ 31.03.16 വരെ |
| ഫിഷറീസ് സബ് ഇൻസ്പെക്ടർ | ശ്രീമതി. സരിത കെ.വി | 01.04.15 മുതൽ 31.03.16 വരെ |
| വെറ്ററിനറി സർജൻ | ഡോ.എം.വിനോദ്കുമാർ | 01.04.15 മുതൽ 29.12.15 വരെ |
| | ഡോ.കെ.പി. ശ്രീലേഖ | 30.12.15 മുതൽ 31.03.16 വരെ |

ഉള്ളടക്കം


| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | വിഷയം | പേജ് നമ്പർ |
|---|---|---|---|
| | | ഭാഗം 1 –പൊതു അവലോകനം | |
| 1 | 1-1 | ബജറ്റ് | |
| 2 | 1-2 | ധനകാര്യ വിശകലനം | |

| | | | |
|---|---|---|---|
| 3 | 1-3 | ഫണ്ട് വിനിയോഗം | |
| 4 | 1-4 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | |
| 5 | 1-5 | തനത് വരുമാനം | |
| 6 | 1-6 | പദ്ധതി അവലോകനം | |
| 7 | 1-7 | ക്ഷേമപദ്ധതികൾ | |
| 8 | 1-8 | ക്യാഷ് വെരിഫിക്കേഷൻ | |
| 9 | 1-9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരങ്ങൾ | |
| 10 | 1-10 | അനുബന്ധപത്രികകൾ | |
| 11 | 1-11 | ഗ്രാമസഭ | |
| ഭാഗം 2 - വരവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |
| 12 | 2-1 | ബിൽഡിങ്ങ് പെർമിറ്റ് നിയമങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. | |
| 13 | 2-2 | വാണിജ്യകെട്ടിടങ്ങൾക്ക് ക്രമപ്രകാരം വസ്തുനികുതി ഈടാക്കുന്നില്ല –12,821/- രൂപയുടെ വരവ് നഷ്ടം | |
| 14 | 2-3 | ഗ്രാമപഞ്ചായത്തിലെ ഡി&ഒ ലൈസൻസ് അപേക്ഷകൾ ക്രമാതീതമായി കുറഞ്ഞു വരുന്നു. | |
| 15 | 2-4 | വ്യാപാര സ്ഥാപനങ്ങളിൽ നിന്നും വിറ്റ് വരവിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. | |

| | | | |
|---|---|---|---|
| 16 | 2-5 | വളർത്തു നായകൾക്കുള്ള ലൈസൻസ് - ലൈസൻസില്ലാതെ നായകളെ വളർത്തുന്നത് - പിഴ ഈടാക്കേണ്ടതാണ് | |
| 17 | 2-6 | പരസ്യ നികുതി ഈടാക്കുന്നില്ല | |
| 18 | 2-7 | ഗതാഗതവുമായി ബന്ധപ്പെട്ട സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല | |
| 19 | 2-8 | ഇ ടെണ്ടർ- ടെണ്ടർ ഫോറം വില ഗ്രാമപഞ്ചായത്തിന് ലഭ്യമായിട്ടില്ല | |
| ഭാഗം 3 –ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |
| 20 | 3-1 | ശമ്പള കുടിശികയ്ക്ക് ആനുപാതികമായ തുക പെൻഷൻ അംശദാനമായി ഒടുക്കാത്തത് | |
| 21 | 3-2 | ഡി എ കുടിശ്ശിക കണക്കാക്കിയതിൽ തെറ്റു വന്നത് | |
| 22 | 3-3 | തെരുവുവിളക്ക് സംരക്ഷണവും പരിപാലനവും - അനിവാര്യ ചുമതലകൾ നിറവേറ്റുന്നതിൽ ഗുരുതരമായ വീഴ്ച്ച | |
| 23 | 3-4 | വാട്ടർ ചാർജ്ജ് - സംയുക്ത പരിശോധന നടത്തിയിട്ടില്ല, മീറ്റർ സ്ഥാപിച്ചിട്ടില്ല | |
| 24 | 3-5 | ബഡ്സ് സ്കൂൾ ടീച്ചേഴ്സ്, ഫിസിയോ തെറാപ്പിസ്റ്റ് - കുടിശ്ശിക വേതനം അനുവദിച്ചത് - നല്കിയ വേതനം സംബന്ധിച്ച് വ്യക്തതയില്ല- 1,03,500/- രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു | |
| 25 | 3-6 | ആയുർവേദ ആശുപത്രിയിലെ ഒ പി ടിക്കറ്റ് പ്രിന്റിംഗിന് തനത് ഫണ്ട് ഉപയോഗിച്ചത് ക്രമപ്രകാരമല്ല | |

| | | | |
|---|---|---|---|
| | | | |
| 26 | 3-7 | ആശ്രയ പദ്ധതി - ഫലപ്രാപ്തിയിലെത്തിയില്ല | |
| 27 | 3-8 | എസ് എസ് എ പ്രവർത്തനങ്ങൾക്ക് ഗ്രാമപഞ്ചായത്ത് വിഹിതം - പദ്ധതി വിലയിരുത്തപ്പെടുന്നില്ല | |
| 28 | 3-9 | വികലാംഗർക്ക് ഉപകരണങ്ങൾ വാങ്ങൽ പദ്ധതി നിർവ്വഹണം സുതാര്യമല്ല –S 109/15-16 | |
| 29 | 3-10 | പട്ടികജാതി വിദ്യാർത്ഥികൾക്ക് മേശയും കസേരയും നൽകൽ ചെലവ് തുക 92,459/- രൂപ തടസ്സപ്പെടുത്തുന്നു. | |
| 30 | 3-11 | 10-ൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് സൈക്കിൾ നൽകൽ - പദ്ധതിച്ചെലവ് 86,020/- രൂപ തടസ്സപ്പെടുത്തുന്നു. | |
| 31 | 3-12 | ഐ.എ.വൈ. ഗ്രാമപഞ്ചായത്ത് വിഹിതം - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല - തുക 2,00,000/- രൂപ തടസ്സപ്പെടുത്തുന്നു. | |
| 32 | 3-13 | ഭവന നിർമാണം –പൂർത്തിയാക്കാത്തത് | |
| 33 | 3-14 | അതുല്യം തുടർ വിദ്യാഭ്യാസ പദ്ധതി - പദ്ധതിച്ചെലവ് 44,400/- രൂപ തടസ്സപ്പെടുത്തുന്നു , ഓണറേറിയം 1000/-രൂപ നിരാകരിക്കുന്നു. | |
| 34 | 3-15 | മൂല്യവർധിത നികുതി, ക്ഷേമനിധി വിഹിതം –യഥാസമയം ഒടുക്കു വരുത്തുന്നില്ല. | |
| 35 | 3-16 | മറ്റു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള വിഹിതം- അക്കൌണ്ട് ചെയ്യൽ, വിനിയോഗം ക്രമപ്രകാരമല്ല | |

| | | | |
|---|---|---|---|
| 36 | 3-17 | പ്രത്യേക കന്നുകുട്ടി പരിപാലനം - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാത്തത് | |
| 37 | 3-18 | സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പാലിക്കാതെ പദ്ധതി നടപ്പിലാക്കി 22,040/- രൂപയുടെ ചെലവ് നിരാകരിക്കുന്നു | |
| 38 | 3-19 | രജിസ്റ്റർ സൂക്ഷിപ്പ് | |
| ഭാഗം 4 –ഓഡിറ്റ് പ്രത്യവലോകനം | | | |
| 39 | 4-1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | |
| 40 | 4-2 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നല്കിയ ഫണ്ട് വിനിയോഗം | |
| 41 | 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നല്കിയതിന്റെ വിവരം | |
| 42 | 4-4 | വായ്പ/വായ്പ തിരിച്ചടവ് | |
| 43 | 4-5 | സ്ഥിരനിക്ഷേപങ്ങൾ | |
| 44 | 4-6 | ഓഡിറ്റ് റിക്കവറി | |
| 45 | 4-7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദവിവരം | |
| 46 | 4-8 | ഓഡിറ്റ് പ്രത്യവലോകനം | |
| 47 | 4-9 | ഓഡിറ്റ് ഇംപാക്ട് | |
| 48 | 4-10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരങ്ങൾ | |
| അനുബന്ധ പത്രികകൾ | | | |

| | | | |
|---|---|---|---|
| 49 | അനുബന്ധം1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16-ലെ ബജറ്റ് 20.03.2015-ലെ 93/15 തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് പ്രകാരമുള്ളതും യഥാർത്ഥത്തിലുള്ളതുമായ വരവ് ചെലവ് തുകകൾ താഴെ കൊടുക്കുന്നു.

| | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം |
|---|---|---|---|
| മുന്നിരിപ്പ് | 78,22,129 | 2,94,86,776 | ബജറ്റ് ഗുണഭോക്താക്കളുടെ അക്കൌണ്ടിലേക്ക് നേരിട്ട് ട്രാൻസ്ഫർ ചെയ്യപ്പെടുന്ന ഹെഡുകളിലെ തുക ഉൾപ്പെടുത്തിയും റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റിൽ ഇവ ഉൾപ്പെടുത്താതെയും തയ്യാറാക്കുന്നതിനാൽ താരതമ്യം സാധ്യമായിട്ടില്ല |
| വരവ് | 9,58,74,000 | 3,84,34,945 | |
| ആകെ | 10,36,96,129 | 6,79,21,721 | |
| ചെലവ് | 9,52,50,048 | 5,41,48,109 | |
| നീക്കിയിരിപ്പ് | 84,46,081 | 1,37,73,613 | |

## 1-2 ധനകാര്യ വിശകലനം

2015-16 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക 28.07.16-ന് ഓഡിറ്റിനായി സമർപ്പിച്ചിട്ടുണ്ട്. സാമ്പത്തിക വിശകലനം ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുൻബാക്കി | 2,94,86,776 |
| വരവ് | 3,84,34,945 |
| ആകെ | 6,79,21,721 |
| ചെലവ് | 5,41,48,109 |

| | |
|---|---|
| നീക്കിബാക്കി | 1,37,73,612 |

നേരിട്ട് ഗുണഭോക്താക്കളുടെ അക്കൌണ്ടുകളിലേക്ക് മാറ്റപ്പെട്ട ക്ഷേമ പെൻഷൻ തുകയും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി തൊഴിലാളികളുടെ അക്കൌണ്ടുകളിലേക്ക് നേരിട്ട് കൈമാറ്റം ചെയ്യപ്പെട്ട തുകയും വരവിലും ചെലവിലും ഉൾപ്പെടുത്തിയിട്ടില്ല.

## 1-3 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | വരവ് തുക | ആകെ തുക | ട്രാൻസ്ഫർ ക്രെഡിറ്റ് | ചെലവ് തുക/ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത തുക | നീക്കി ബാക്കി (RP 40(b) |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 4386550(*) | 0 | 4386550 | +7849838 | 11584833<br>651555(TC)<br>12236388 | 0 |
| വികസന ഫണ്ട് (എസ് സി പി) | 1858821 | 4460334 | 6319155 | -1281394 | 5037761 | 0 |
| വികസന ഫണ്ട് (ടി എസ് പി) | 0 | 26000 | 26000 | 0 | 26000 (ഗവൺമെന്റിലേക്ക് തിരിച്ചടച്ചത്) | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 475000 | 3312204 | 3787204 | -- | 3787204 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 1165661 | 2186572 | 3352233 | -- | 3352233 | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 2732953 | 8051407 | 10784360 | -3195793 | 7588567 | 0 |

| | | | | | | |
|---|---|---|---|---|---|---|
| ലോകബാങ്ക് ധനസഹായം | 5475824 | 0 | 5475824 | -3372651 | 2103173 | 0 |
| സെൻട്രൽ ഷെയർ | 328684.84 | 5263423 | 5592107.84 | -- | 5462494 | 129613.84 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 28,87,000 | 335000 | 3222000 | | 1956238 | 1265762 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 2929740 | 27000 | 2956740 | | 644179 | 2312561 |
| ബി ഫണ്ട് | 0 | 29050260 | 29050260 | -- | 29050260 | 0 |

(*)എസ് എഫ് സി കണക്കുകളിൽ ചേർത്ത മുൻബാക്കിയും വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള മുൻബാക്കിയും തമ്മിൽ 73,049/- രൂപയുടെ വ്യത്യാസമുണ്ട്. വ്യത്യാസം വിശദീകരിക്കപ്പെട്ടിട്ടില്ല. എസ് എഫ് സി പ്രകാരമുള്ള തുകയാണ് പട്ടികയിൽ രേഖപ്പെടുത്തിയത്.

## 1-4 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം 1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

2015-16 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. ആസ്തികളുടെ മൂല്യനിർണ്ണയം പൂർത്തിയായിട്ടില്ലാത്തതിനാൽ ബി11 ഷെഡ്യൂളിൽ രേഖപ്പെടുത്തിയ തുകയുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

2. ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് അക്കൗണ്ടിംഗ് നിയമപ്രകാരമല്ല തയ്യാറാക്കിയത്. (A+B+C മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസവുമായി പൊരുത്തപ്പെടുന്നില്ല).

3. സെക്രട്ടറി ഒഴികെയുള്ള നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേനയുള്ള ചെലവുകളിൽ നിന്നും ഈടാക്കുന്ന മൂല്യവർധിത നികുതി, നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം, ആദായ നികുതി തുടങ്ങിയവയുടെ വരവ് ചെലവുകൾ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

4. B-9 ഷെഡ്യൂൾ പ്രകാരമുള്ള നെറ്റ് സാലറി പേയബിൾ 5,23,893/- രൂപയാണ്. 2016 ഏപ്രിൽ മാസത്തെ വൌച്ചർ പ്രകാരം ഇത് 3,61,893/- രൂപയാണ്. 1,62,000/- രൂപയുടെ വ്യത്യാസം വന്നത് ടെക്നിക്കൽ അസിസ്റ്റന്റിന്റെ 2015-16 സാമ്പത്തിക വർഷത്തെ വേതനം തെറ്റായി ബാധ്യതയായി

കാണിച്ചതിനാലാണ്.

5. വസ്തു നികുതി കുടിശിക ഡിമാന്റ് രജിസ്റ്റർ പൂർത്തിയാക്കിയിട്ടില്ല.

6. മാടായി സർവ്വീസ് സഹകരണ ബാങ്കിലെ അക്കൌണ്ട് നമ്പർ 1325-ലെ നീക്കിയിരിപ്പ് ബാങ്ക് പാസ്ബുക്ക് പ്രകാരം 1,25,25,493.26/- രൂപയും ക്യാഷ് ബുക്ക് പ്രകാരം 1,21,65,193.26/- രൂപയുമാണ്. ബാങ്ക് പാസ് ബുക്കും ക്യാഷ് ബുക്കും തമ്മിൽ അനുരഞ്ജനം നടത്തിയിട്ടില്ല.

## 1-5 തനത് വരുമാനം

ഗ്രാമപഞ്ചായത്തിന്റെ തനതു വരുമാനത്തിൽ മുൻ വർഷത്തെ അപേക്ഷിച്ച് താഴെ പറയും പ്രകാരം 8.8% വർധനവ് ഉണ്ടായിട്ടുണ്ട്

| ഇനം | 2014-15 | 2015-16 | വ്യത്യാസം | ശതമാനം |
|---|---|---|---|---|
| നികുതി വരവുകൾ | 4154861 | 4986575 | 831714 | 20 |
| നികുതിയേതര വരവുകൾ | 1698022 | 1379630 | -318392 | -18.8 |
| മറ്റു വരവുകൾ | -- | 3467 | 3467 | 100 |
| ആകെ | 5852883 | 6369672 | 516789 | 8.8 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പിലാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു

| അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | നടപ്പാക്കാത്തവ | ഭാഗികമായി നടപ്പാക്കിയത് | പൂർത്തീകരിച്ച പദ്ധതികളുടെ എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 169 | 119 | 50 | 10 | 109 | 64.50 |

.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 6 | 6 | 4126125 | 4038318 | 98 |
| വെറ്ററിനറി സർജൻ | 5 | 5 | 1851055 | 1851055 | 100 |
| മെഡിക്കൽ ഓഫീസർ | 3 | 3 | 1000000 | 894695 | 89 |

| | | | | | |
|---|---|---|---|---|---|
| (പി എച്ച് സി) | | | | | |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 1 | 1 | 300000 | 300000 | 100 |
| വി ഇ ഒ | 13 | 9 | 16274375 | 4000000 | 25 |
| സബ് ഇൻസ്പെക്ടർ, ഫിഷറീസ് | 3 | 3 | 245630 | 243950 | 99 |
| ഐസിഡിഎസ് സൂപ്പർവൈസർ | 4 | 4 | 4007151 | 3722923 | 93 |
| സെക്രട്ടറി | 40 | 23 | 6487761 | 4387041 | 68 |
| അസിസ്റ്റന്റ് സെക്രട്ടറി | 9 | 9 | 4129000 | 3191479 | 77 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 80 | 52 | 28799299 | 18818389 | 65 |
| ഹെഡ് മാസ്റ്റർ | 5 | 4 | 366536 | 244000 | 67 |
| ആകെ | 169 | 119 | 67586932 | 41691850 | 62 |

പദ്ധതി അടങ്കലിന്റെ 62% മാത്രമാണ് ഓഡിറ്റ് വർഷം ചെലവഴിക്കാൻ സാധിച്ചിട്ടുള്ളത്. ഭവന നിർമ്മാണ പദ്ധതികളും മരാമത്ത് പ്രവൃത്തികളും നടപ്പിലാക്കുന്നതിൽ ഫലപ്രാപ്തി കൈവരിക്കാൻ ഗ്രാമപഞ്ചായത്തിന് കഴിഞ്ഞിട്ടില്ല.

## 1-7 ക്ഷേമപദ്ധതികൾ

ഓഡിറ്റ് വർഷങ്ങളിൽ ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 156720 | 80 |
| കർഷകതൊഴിലാളി പെൻഷൻ | 551040 | 71 |
| വിധവാ പെൻഷൻ | 9745200 | 981 |

| | | |
|---|---|---|
| വാർദ്ധക്യകാല പെൻഷൻ | 14201130 | 1761 |
| വികലാംഗ പെൻഷൻ | 3562210 | 337 |
| 50 വയസിനു മുകളിലുള്ള അവിവാഹിത കൾക്കുള്ള പെൻഷൻ | 633960 | 67 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.11.2016 തീയതി രാവിലെ 11.30 മണിക്ക് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 7,921/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമ നമ്പർ | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 13.07.16, 14.07.16 | 4/16 മുതൽ 6/16 വരെ | പിഎ4-7316/16 തീയതി 07/09/16 |

## 1-10 അനുബന്ധ പത്രികകൾ

1. ഓഡിറ്റ് സർട്ടിഫിക്കറ്റ്.

## 1-11 ഗ്രാമസഭ

ഗ്രാമപഞ്ചായത്തിൽ 20 അംഗ ഭരണസമിതിയാണ് നിലവിലുള്ളത്. അധികാരം ജനങ്ങളിലേക്ക് എന്നതാണ് ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ അന്തസത്ത. ജനങ്ങൾ നിർദ്ദേശിക്കുന്ന ആശയങ്ങൾ സമാഹരിച്ച കൊണ്ട് ഗ്രാമസഭകളിലൂടെ തിരഞ്ഞെടുക്കപ്പെടുന്ന ഗുണഭോക്താക്കൾക്ക് ആനുകൂല്യം ലഭ്യമാക്കുന്നതിലൂടെ സമൂഹത്തിലെ ഏറ്റവും കൂടുതൽ അർഹരായവർക്ക് സർക്കാർ ധനസഹായങ്ങൾ എത്തിക്കുകയും ജനങ്ങൾ നിർദ്ദേശിക്കുന്ന മേഖലകളിൽ പദ്ധതികൾ തയ്യാറാക്കിക്കൊണ്ട് വിവിധ ഘട്ടങ്ങളിലായി വികസനം സാധ്യമാക്കുക എന്ന വിശാലമായ ലക്ഷ്യമാണ് ഗ്രാമസഭകൾക്ക് നിർവ്വഹിക്കാനുള്ളത്. അതുകൊണ്ടു തന്നെ ഇത്തരത്തിലുള്ള നിർദ്ദേശങ്ങൾ ഉയർത്തിക്കൊണ്ടു വരാൻ കഴിവുള്ള വോട്ടർമാർ ഓരോ ഗ്രാമസഭയിലും പങ്കെടുക്കുന്നുണ്ട് എന്ന് ഉറപ്പ് വരുത്തുന്നതിലേക്ക് എല്ലാവർക്കും സൌകര്യപ്രദമാകുന്ന തീയതികളിൽ ഗ്രാമസഭകൾ സംഘടിപ്പിക്കുകയും ക്വാറം തികയ്ക്കുക എന്നതിലുപരിയായി ഗ്രാമസഭകളുടെ ജനാധിപത്യ സ്വഭാവവും ഉദ്ദേശ്യലക്ഷ്യങ്ങളും ഉയർത്തിപ്പിടിക്കുന്നുണ്ടോ എന്ന് അതാത് വാർഡ് മെമ്പർമാർ വിലയിരുത്തേണ്ടതാണ്. ഇത്തരത്തിലുള്ള ഉദ്ദേശലക്ഷ്യങ്ങൾ

കൈവരിക്കുന്നതിൽ ഗ്രാമസഭ വേണ്ടത്ര വിജയിച്ചിട്ടില്ല.

ഓരോ വർഷവും ഒക്ടോബർ മാസത്തോടെ അടുത്ത വർഷത്തെ ഗ്രാമസഭാ തീയതികൾ തീരുമാനിച്ച് പ്രസിദ്ധപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ബിൽഡിങ്ങ് പെർമിറ്റ് നിയമങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിലെ കെട്ടിട നിർമ്മാണം നിയന്ത്രിക്കുന്നതിനു വേണ്ടി സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011-ലെ വ്യവസ്ഥകൾ കാര്യക്ഷമമായല്ല ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയത് 2015-16 വർഷം 224 പുതിയ കെട്ടിടങ്ങൾക്ക് നമ്പർ നൽകിയതിൽ 104 കെട്ടിടങ്ങൾ ക്രമവൽക്കരിച്ച കെട്ടിടങ്ങളാണ്. കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011 സെക്ഷൻ 4 പ്രകാരം പെർമിറ്റ് ലഭ്യമാകാതെ കെട്ടിട നിർമ്മാണം നടത്തിയ ഉടമകൾക്കെതിരെ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. നിർമ്മാണങ്ങൾ റെഗുലറൈസ് ചെയ്തു നൽകുകയാണ് ചെയ്തത്. ഫീൽഡ്തല ഉദ്യോഗസ്ഥർ അനധികൃത നിർമ്മാണത്തെക്കുറിച്ച് റിപ്പോർട്ട് ചെയത് നടപടികൾ സ്വീകരിച്ച കെട്ടിടങ്ങൾ എത്രയെണ്ണമാണ് എന്നതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (28/15-16 തീയതി 29.11.2016) നൽകിയിരുന്നതിന് തൃപ്തികരമായ മറുപടി ലഭിച്ചിട്ടില്ല. ഫീൽഡ്തല പരിശോധന കാര്യക്ഷമമായി നടത്തേണ്ടതും അനധികൃത കെട്ടിട നിർമ്മാണം നടത്തുന്നുണ്ടെങ്കിൽ ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഇക്കാര്യത്തിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 2-2 വാണിജ്യ കെട്ടിടങ്ങൾക്ക് ക്രമപ്രകാരം വസ്തുനികുതി ഈടാക്കുന്നില്ല - 12,821/- രൂപയുടെ വരവ് നഷ്ടം

ഗ്രാമപഞ്ചായത്തിന്റെ 19.12.2011-ലെ 124/2011 നമ്പർ തീരുമാന പ്രകാരം 100 ചതുരശ്ര മീറ്ററിൽ കൂടുതലുള്ള ഷോപ്പിങ്ങ് മാളുകൾക്ക് ചുമത്തേണ്ട അടിസ്ഥാന വസ്തുനികുതി നിരക്ക് $55/M^2$ രൂപയാണ്. ഒരേ വ്യക്തിയുടെ ഉടമസ്ഥതയിൽ നിർമ്മിക്കപ്പെട്ട കെട്ടിടം 100 $M^2$ ൽ കൂടുതലായിരിക്കുമ്പോഴും ഉടമസ്ഥന്റെ ആവശ്യാർത്ഥം വിഭജിച്ച് നമ്പർ നല്കുകയും കുറഞ്ഞ തറ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയിക്കുകയും ചെയ്യുന്നതിലൂടെ (ഈടാക്കിയത് 40 രൂപ/സ്ക്വയർ മീറ്റർ) ഗ്രാമപഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടാകുന്നുണ്ട്.

വിശദ വിവരം ചുവടെ ചേർക്കുന്നു.

1.അഴീക്കോടന്റകത്ത് മുഹമ്മദ് – വാണിജ്യ കെട്ടിടം

| ക്രമ നം. | കെട്ടിടനമ്പർ | തറ വിസ്തീർണ്ണം മീറ്റർ സ്ക്വയർ | അടിസ്ഥാന വസ്തുനികുതി 40/SM | വർധനവ്/ഇളവ് | ഈടാക്കിയ വസ്തുനികുതി/ ഗ്രന്ഥശാലവരി | ഈടാക്കേണ്ട വസ്തുനികുതി/ ഗ്രന്ഥശാലവരി | കുറവ് |
|---|---|---|---|---|---|---|---|
| 203 | VI-245 A | 35 | 1400 | +280 | 1680/84 | 2310/116 | 662 |
| 204 | VI-245 B | 13.8 | 552 | 110.4 | 663/34 | 911/46 | 260 |
| 205 | VI-245 C | 91.8 | 3672 | 734.40 | 4407/221 | 6059/303 | 1734 |
| 206 | VI-245 D (1st Floor) | 81.97 | 3278.80 | 655.76-157 | 3739/157 | 4959/248 | 1311 |
| 207 | VI-245 E (1st Floor) | 91.8 | 3672 | 754.40-220.35 | 4187/210 | 5553/274 | 1430 |
| | | 314.37 | | | | | 5397 |
| ആകെ വസ്തുനികുതി/ഗ്രന്ഥശാലവരി | | | | | 5116/251 | | -- |
| കുറവ് | | | | | 5397 | | -- |

കൂടാതെ ഉടമസ്ഥൻ സമർപ്പിച്ച കംപ്ലീഷൻ പ്ലാൻപ്രകാരം കെട്ടിടത്തിന്റെ മൊത്തം തറ വിസ്തീർണ്ണം 331.35 $M^2$ ആണ്. എന്നാൽ വസ്തു നികുതി കണക്കാക്കിയിരിക്കുന്നത് 314.37 $M^2$ തറ വിസ്തീർണ്ണത്തിന് മാത്രമാണ്. 16.98 $M^2$ തറ വിസ്തീർണ്ണം കുറവായി കണക്കാക്കിയതു മൂലം വസ്തുനികുതി കുറവായാണ് ഈടാക്കിയത്. കുറവു വന്ന തുക (16.98 x 55 = 934 ഇളവ് 10% - 93) 841/- രൂപ ഈടാക്കേണ്ടതാണ്.

2. സീറെ വളപ്പിൽ അബ്ദുൾ മജീദ്, പള്ളിവളപ്പിൽ അബ്ദുള്ള – വാണിജ്യകെട്ടിടം

| ക്രമ നം. | കെട്ടിടനമ്പർ | തറ വിസ്തീർണ്ണം മീറ്റർ സ്ക്വയർ | അടിസ്ഥാന വസ്തുനികുതി 40/SM/50/SM | വർധനവ്/ഇളവ് | ഈടാക്കിയ വസ്തുനികുതി/ ഗ്രന്ഥശാലവരി | ഈടാക്കേണ്ട വസ്തുനികുതി/ ഗ്രന്ഥശാലവരി | കുറവ് |
|---|---|---|---|---|---|---|---|
| 131 | VI-244 B | 175 | 9625 | 1925 | 11550/578 | 11550/578 | -- |
| 132 | VI-244 C | 175 | 9625 | 1925 | 11550/578 | 11550/578 | -- |
| 133 | VI-244 D | 97 | 3880 | 770 | 4656/233 | 6402/320 | 1833 |

| | | | | | | | |
|---|---|---|---|---|---|---|---|
| 134 | VI-244 F | 97 | 3880 | 770 | 4656/233 | 6402/320 | 1833 |
| 135 | VI-244 G | 97 | 3880 | 770 | 4656/233 | 6402/320 | 1833 |
| | | $641m^2$ | | | | | 5499 |
| ആകെ വസ്തുനികുതി/ഗ്രന്ഥശാലവരി | | | | | 5238/261 | | |
| കുറവ് | | | | | 5499 | | |

3. കട്ടകളത്തിൽ പുന്നക്കൽ ഷാഹുൽ ഹമീദ്

| ക്രമ നം. | കെട്ടിടനമ്പർ | തറ വിസ്തീർണ്ണം മീറ്റർ സ്ക്വയർ | അടിസ്ഥാന വസ്തുനികുതി 40/SM | വർദ്ധനവ്/ ഇളവ് | ഈടാക്കിയ വസ്തുനികുതി ഗ്രന്ഥശാലവരി | ഈടാക്കേണ്ട വസ്തുനികുതി/ ഗ്രന്ഥശാലവരി | കുറവ് |
|---|---|---|---|---|---|---|---|
| 124 | XIII-519 C | 18.18 | 727.20 | -145.44 | 582/30 | 800/40 | 220 |
| 125 | XIII-519 D | 16.89 | 675.60 | -135.12 | 541/28 | 743/37 | 211 |
| 126 | XIII-519 E | 16.28 | 651.20 | -130.24 | 521/27 | 716/36 | 204 |
| 127 | XIII-519 F | 12.51 | 500.40 | -100.08 | 401/21 | 550/28 | 156 |
| 128 | XIII-519 G | 12.12 | 484.80 | -96.96 | 388/20 | 534/27 | 153 |
| 129 | XIII-519 H | 10.52 | 420.80 | -84.16 | 337/17 | 463/23 | 132 |
| | | 86.50 | | | | | 1084 |
| ആകെ വസ്തുനികുതി/ഗ്രന്ഥശാലവരി | | | | | 1036/49 | | |
| കുറവ് | | | | | 1084 | | |

ഉടമസ്ഥൻ സമർപ്പിച്ച കംപ്ലീഷൻ പ്ലാൻപ്രകാരം കെട്ടിടത്തിന്റെ മൊത്തം തറ വിസ്തീർണ്ണം 107.48 $M^2$ ആണ്. എന്നാൽ വസ്തുനികുതി കണക്കാക്കിയിരിക്കുന്നത് 86.50 $M^2$ തറ വിസ്തീർണ്ണത്തിന് മാത്രമാണ്. തറ വിസ്തീർണ്ണം കുറവായി കണക്കാക്കിയതു മൂലം വസ്തുനികുതി കുറവായാണ്

ഈടാക്കിയത്. നിശ്ചിത സ്ലാബിൽ തറ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ നികുതി ഈടാക്കേണ്ടതാണ് എന്ന് ചൂണ്ടിക്കാണിച്ചതിന്റെ അടിസ്ഥാനത്തിൽ റസീറ്റ് നമ്പർ 11602105686, 11602105687 എന്നിവ പ്രകാരം തുക അടവാക്കിയിട്ടുണ്ട്. ആയത് വസ്തു നികുതി നിർണ്ണയ രജിസ്റ്റർ, ഡിമാന്റ് രജിസ്റ്റർ എന്നിവയിൽ രേഖപ്പെടുത്തുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. ആകെ കുറവ് വന്ന തുക 5397+841+5499+1089 = 12,821/- രൂപ ഈടാക്കി ഗ്രാമപഞ്ചായത്ത് ഫണ്ടിൽ വരവ് വെക്കേണ്ടതാണ്.

ആകെ തറ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ പുനർനിർണ്ണയിക്കപ്പെട്ട നികുതി തന്നെയാണ് തുടർവർഷങ്ങളിൽ ഈടാക്കുന്നത് എന്ന് ഉറപ്പു വരുത്തേണ്ടതാണ്.

## 2-3 ഗ്രാമപഞ്ചായത്തിലെ ഡി & ഒ ലൈസൻസ് അപേക്ഷകൾ ക്രമാതീതമായി കുറഞ്ഞു വരുന്നു

1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങൾ) പ്രകാരം ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന ചട്ടത്തിൻ കീഴിൽ വരുന്ന മുഴുവൻ സ്ഥാപനങ്ങൾക്കും ലൈസൻസ് നൽകേണ്ടതാണ്. ഗ്രാമപഞ്ചായത്തിലെ ലൈസൻസ് അപേക്ഷകൾ പരിശോധിച്ചതിൽ 2014-15 വർഷത്തിൽ 449 അപേക്ഷകരിൽ നിന്നായി 67,873/- രൂപ ഫീസിനത്തിൽ ലഭിച്ചിട്ടുണ്ടെങ്കിലും 2015-16 വർഷം 403 അപേക്ഷകരിൽ നിന്നായി 48,800/- രൂപ മാത്രമാണ് ലഭിച്ചത്. ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 2-4 വ്യാപാര സ്ഥാപനങ്ങളിൽ നിന്നും വിറ്റ് വരവിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ഈടാക്കേണ്ടതാണ്

1996-ലെ കേരള പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം 6 പ്രകാരം വ്യാപാര സ്ഥാപനങ്ങളിൽ നിന്നും വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ഈടാക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. വ്യാപാര സ്ഥാപനങ്ങളിൽ നിന്നുള്ള വിറ്റുവരവ് കണക്കാക്കുന്നതിനായി ചട്ടം 10(1) പ്രകാരം VI-ാം നമ്പർ ഫോറത്തിലുള്ള നോട്ടീസ് നൽകി 15 ദിവസത്തിനുള്ളിൽ റിട്ടേൺ സമർപ്പിക്കുന്നതിന് ആവശ്യപ്പെടേണ്ടതാണ്. 2015-16 വർഷത്തിൽ 403 സ്ഥാപനങ്ങൾക്ക് ഡി&ഒ ലൈസൻസ് നൽകിയിട്ടുണ്ട്. എന്നാൽ തൊഴിൽ നികുതി കണക്കാക്കുന്നതിന് റിട്ടേൺ സമർപ്പിക്കുന്നതിന് വളരെ കുറച്ച് സ്ഥാപനങ്ങൾക്ക് മാത്രമാണ് പ്രസ്തുത ചട്ട പ്രകാരം നോട്ടീസ് നൽകിയിട്ടുള്ളത്. സ്ഥാപനതൊഴിൽനികുതി കൃത്യമായി കണക്കാക്കുന്നതിനായി മുഴുവൻ വ്യാപാര സ്ഥാപനങ്ങൾക്കും നോട്ടീസ് നൽകി വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ വാർഡ് തലത്തിലുള്ള സ്ഥാപനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-5 വളർത്തു നായകൾക്കുള്ള ലൈസൻസ് - ലൈസൻസില്ലാതെ നായകളെ വളർത്തുന്നത് - പിഴ ഈടാക്കേണ്ടതാണ്

1998-ലെ കേരള പഞ്ചായത്ത് രാജ് പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങളിലെ ചട്ടം 4(1) പ്രകാരം പട്ടികളേയോ പന്നികളേയോ വളർത്തുന്നതിന് അനുമതിക്കായി 10/- രൂപ ഫീസ് സഹിതം സെക്രട്ടറിക്ക് അപേക്ഷ നല്കേണ്ടതാണ്. ചട്ടം 4(2) പ്രകാരം പട്ടിയോ

പന്നിയോ കൈയ്യിൽ വന്നു ചേർന്ന് ഒരു മാസത്തിനകം അപേക്ഷ സമർപ്പിക്കേണ്ടതാണ്. അപേക്ഷയോടൊപ്പം പേവിഷബാധയ്ക്കെതിരായ കുത്തിവെപ്പ് എടുത്തിട്ടുണ്ടെന്ന വെറ്ററിനറി സർജന്റെ സാക്ഷ്യപത്രം ഉണ്ടായിരിക്കണം (ചട്ടം 4(3)). ലൈസൻസ് എടുത്തതിന് തെളിവായി ഗ്രാമപഞ്ചായത്തിൽ നിന്ന് ലഭിക്കുന്ന ടോക്കൺ മൃഗത്തിന്റെ ശരീരത്തിൽ ഉണ്ടായിരിക്കേണ്ടതും ആയതിനെ അലഞ്ഞു തിരിയാൻ അനുവദിക്കാൻ പാടില്ലാത്തതുമാണ്.

ലൈസൻസ് കാലാവധി അതത് സാമ്പത്തിക വർഷാവസാനം അവസാനിക്കുന്നതും കാലാവധി അവസാനിക്കുന്നതിനു മുമ്പ് പുതുക്കേണ്ടതുമാണ്.

വളർത്തു നായകൾക്ക് പേവിഷബാധയ്ക്കെതിരെ കുത്തിവെപ്പ് എടുക്കുന്നതിനായി നടത്തിയ വകുപ്പുതല ക്യാമ്പിന്റെ അനുബന്ധച്ചെലവുകൾക്കായി വെറ്ററിനറി സർജന് വൌച്ചർ നമ്പർ 21500594/20.10.15 പ്രകാരം 1,097/- രൂപ നല്കിയിട്ടുണ്ട് .

വകുപ്പുതല ഫണ്ടുപയോഗിച്ച് വെറ്ററിനറി സർജൻ നടപ്പിലാക്കിയ പേവിഷ നിർമ്മാർജ്ജനം- വളർത്തുനായകൾക്ക് പ്രതിരോധ കുത്തിവെപ്പ് പദ്ധതിയുടെ ഭാഗമായി 63 വളർത്തു നായകൾക്ക് പ്രതിരോധ കുത്തിവെപ്പ് നല്കിയിട്ടുണ്ടെന്നാണ് സെക്രട്ടറി അറിയിച്ചത്. എന്നാൽ 2015-16 സാമ്പത്തിക വർഷം 23 നായകളെ വളർത്തുന്നതിനുള്ള ലൈസൻസ് മാത്രമാണ് ഗ്രാമപഞ്ചായത്തിൽ നിന്ന് നല്കിയിട്ടുള്ളത്. ബാക്കി 40 നായകളെ ലൈസൻസില്ലാതെയാണ് വളർത്തുന്നതെന്ന് ഇതിൽ നിന്ന് വ്യക്തമാവുന്നു. ലൈസൻസില്ലാതെയും ലൈസൻസ് വ്യവസ്ഥകൾക്ക് വിരുദ്ധമായും നായകളെ വളർത്തുന്നതിനുള്ള പിഴയായി മേൽ പറഞ്ഞ ചട്ടങ്ങളിലെ ചട്ടം 5(1) പ്രകാരം 250/- രൂപ വരെ പിഴശിക്ഷ ചുമത്താവുന്നതാണ്. വെറ്ററിനറി സർജനിൽ നിന്നും ഉടമസ്ഥരുടെ വിവരങ്ങൾ ശേഖരിച്ച് ചട്ട പ്രകാരമുള്ള പിഴ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-6 പരസ്യ നികുതി ഈടാക്കുന്നില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 209 വകുപ്പിൽ നിർദ്ദേശിച്ച പ്രകാരമുള്ള പരസ്യ നികുതി ഗ്രാമപഞ്ചായത്ത് പരിധിയിൽ നാളിതുവരെയായി ഈടാക്കിയിട്ടില്ല. പ്രസ്തുത വകുപ്പ് പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്തെ ഏതെങ്കിലും സർക്കാർ വക സ്ഥലത്തോ സ്വകാര്യ സ്ഥലത്തോ പൊതുജനങ്ങൾക്ക് കാണത്തക്കവിധം പരസ്യങ്ങൾ പ്രദർശിപ്പിക്കുന്നുണ്ടെങ്കിൽ പരസ്യത്തിന്റെ ഉടമ സർക്കാരിന്റെ അംഗീകാരത്തോടുകൂടി ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ പരസ്യനികുതി ഒടുക്കുവാൻ ബാധ്യസ്ഥരാണ്. ഗ്രാമപഞ്ചായത്ത് പരിധിയിൽ നിരവധി പരസ്യങ്ങൾ പ്രദർശിപ്പിക്കപ്പെടുന്നുണ്ടെങ്കിലും പരസ്യ നികുതി ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങാൻ താമസിക്കുന്നതിനാൽ നാളിതുവരെയും ഈയിനത്തിൽ ഗ്രാമപഞ്ചായത്തിന് യാതൊരു വരുമാനവും ലഭ്യമായിട്ടില്ല. പരസ്യ നികുതി ഈടാക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതും പഞ്ചായത്ത് പരിധിയിൽ സെക്രട്ടറിയുടെ അനുമതിയില്ലാതെ നിലവിൽ പരസ്യങ്ങൾ പ്രദർശിപ്പിച്ചവരിൽ നിന്നും 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 257(1), 6-ാം പട്ടിക പ്രകാരം 500/- രൂപ പിഴ ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്.

ഗ്രാമപഞ്ചായത്ത് തലത്തിൽ ബൈലോ അംഗീകരിക്കപ്പെട്ടിട്ടുണ്ടെങ്കിലും നാളിതു വരെ പഞ്ചായത്തു ഡയറക്ടറുടെ അംഗീകാരം ലഭ്യമായിട്ടില്ല.

## 2-7 ഗതാഗതവുമായി ബന്ധപ്പെട്ട സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല

പന്ത്രണ്ടാം പദ്ധതി മാർഗ്ഗരേഖയിലെ (GO(MS)225/12/തസ്വഭവ തീയതി 18.08.2012) അനുബന്ധം-1-ൽ ഗതാഗതവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങളിൽ (15(1),(2)) റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കാനും ഓരോ പ്രോജക്ടിനമൊപ്പം റോഡ് കണക്ടിവിറ്റി മാപ്പിൽ ബന്ധപ്പെട്ട റോഡ് പ്രത്യേക നിറത്തിൽ രേഖപ്പെടുത്താനും നിർദ്ദേശിക്കുന്നുണ്ട്. എന്നാൽ മേൽ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തിലെ റോഡുകളിൽ റോഡുകളുടെ വിവരങ്ങൾ രേഖപ്പെടുത്തുന്ന മൈൽ സ്റ്റോണുകൾ സ്ഥാപിച്ചിട്ടില്ല. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 16/01/10-ലെ GO(MS)165/2010 നമ്പർ ഉത്തരവു പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സംരക്ഷണത്തിലുള്ള റോഡുകളെ തിരിച്ചറിയുന്നതിന് പേര് സൂചിപ്പിക്കുന്ന ബോർഡ് സ്ഥാപിക്കുന്നതിനും കിലോമീറ്റർ ഹെക്ടോമീറ്റർ കല്ലുകൾ സ്ഥാപിക്കുന്നതിനും മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. ആയത് പാലിക്കാത്തതും ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തു നിന്നുണ്ടായ വീഴ്ചയാണ്.

## 2-8 ഇ-ടെണ്ടർ - ടെണ്ടർ ഫോറം വില ഗ്രാമപഞ്ചായത്തിന് ലഭ്യമായിട്ടില്ല

2014-15 സാമ്പത്തിക വർഷം മുതൽ അഞ്ചു ലക്ഷത്തിന് മുകളിൽ അടങ്കലുള്ള പ്രവൃത്തികൾ ഇ-ടെണ്ടർ നടപടിക്രമങ്ങളിലൂടെയാണ് നടപ്പാക്കുന്നത്. ടെണ്ടർ ഫോറം വില, ഇ എം ഡി തുടങ്ങിയവ ഓൺലൈനായി വാങ്ങുന്നതിന് ഗ്രാമപഞ്ചായത്ത് തലത്തിൽ സൌകര്യം ഇല്ലാത്തതിനാൽ സർക്കാർ നിർദ്ദേശാനുസരണം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൌണ്ടു വഴിയാണ് ട്രാൻസാക്ഷനുകൾ നടത്തി വരുന്നത്. എന്നാൽ ഗ്രാമപഞ്ചായത്തിന് ലഭ്യമാകേണ്ടിയിരുന്ന ടെണ്ടർ ഫോറം വില നാളിതു വരെ ജില്ലാപഞ്ചായത്തിൽ നിന്നും ലഭ്യമായിട്ടില്ല. 2015-16-ലെ തുകയായ 35,805/- രൂപ തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും മൂല്യവർധിത നികുതി ഒടുക്കു വരുത്തേണ്ടതുമാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ശമ്പള കുടിശികയ്ക്ക് ആനുപാതികമായ തുക പെൻഷൻ അംശദാനമായി ഒടുക്കാത്തത്

വൌച്ചർ നമ്പർ 21500318/16.07.15 – 1,55,709/- രൂപ

ഗ്രാമപഞ്ചായത്ത് ജീവനക്കാരുടെ അടിസ്ഥാന ശമ്പളത്തിന്റെ 15% ആണ് ഓരോ മാസവും പെൻഷൻ അംശദാനമായി ഒടുക്കു വരുത്തുന്നത്. ശമ്പള പരിഷ്കരണം കാരണമോ മറ്റേതെങ്കിലും കാരണത്താലോ അടിസ്ഥാന ശമ്പളത്തിൽ വ്യത്യാസം വരുന്ന പക്ഷം അടിസ്ഥാന ശമ്പളത്തിലുണ്ടായ വർധനവിന് ആനുപാതികമായ തുകയും പെൻഷൻ അംശദാനമായി

ഒടുക്കേണ്ടതുണ്ട്. എന്നാൽ ശ്രീ.അബ്ദുൾ മുസ്തഫ, ജൂനിയർ സൂപ്രണ്ടിന് 30/04/2013 മുതൽ 30/06/2015 വരെയുള്ള ശമ്പളക്കുടിശിക നല്കിയപ്പോൾ ടിയാന്റെ അടിസ്ഥാന ശമ്പളത്തിലുണ്ടായ വർധനവിന്റെ 15% പെൻഷൻ അംശദാനമായി പെൻഷൻ ഫണ്ടിലേക്ക് ഒടുക്കിയിട്ടില്ല.

പെൻഷൻ അംശദാനമായി പ്രതിമാസം ശമ്പളം വാങ്ങുമ്പോൾ അടച്ച തുക 3,04,895 ന്റെ 15% basic pay
(drawn salary) = 45,734/- രൂപ

<u>അടക്കേണ്ട തുക</u>

5,98,136 ന്റെ 15% basic pay (due amount) = 89,720/- രൂപ

കുറവു വന്ന തുക 43,986/-രൂപ (89,720-45,734) ബന്ധപ്പെട്ട കണക്കിനത്തിൽ ഒടുക്കു വരുത്തി രേഖകൾ പരിശോധനക്കായി ഹാജരാക്കേണ്ടതാണ്. ഇക്കാര്യത്തിൽ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ ഭാഗത്തു നിന്നുണ്ടായ വീഴ്ചകൾക്ക് വിശദീകരണം ആവശ്യമാണ്.

## 3-2 ഡി എ കുടിശിക കണക്കാക്കിയതിൽ തെറ്റു വന്നത്

വൌച്ചർ നമ്പർ 21500191/04.06.15 - 49,915/- രൂപ

ജി.ഒ.(പി)72/2015 തീയതി 07.02.15 പ്രകാരം ജീവനക്കാരുടെ ഡിഎ നിരക്ക് 01.7.14 മുതൽ 73% ൽ നിന്നും 80% ആയി വർധിപ്പിച്ചതുമായി ബന്ധപ്പെട്ട കുടിശിക ഡിഎ സ്റ്റേറ്റ്മെന്റ് തയ്യാറാക്കുമ്പോൾ ശ്രീമതി.ലലിന എ, ഓഫീസ് അറ്റന്റന്റിന്റെ അടിസ്ഥാന ശമ്പളം രേഖപ്പെടുത്തിയതിൽ തെറ്റുവന്നതിനാൽ ടിയാരിക്ക് അർഹമായ തുക കെപിഇപിഎഫ് അക്കൌണ്ടിലേക്ക് അഡ്ജസ്റ്റ് ചെയ്യപ്പെടാതിരിക്കാൻ ഇടയായിട്ടുണ്ട്.

12/2013-ന് ടിയാരിയുടെ അടിസ്ഥാന ശമ്പളം 9,440/- രൂപയാണെന്നാണ് അക്വിറ്റൻസ് രജിസ്റ്ററിൽ നിന്ന് വ്യക്തമാകുന്നത്. 12/14-ന് 9,690/- രൂപയായി വർദ്ധിക്കുന്നുണ്ട്. എന്നാൽ കുടിശിക സ്റ്റേറ്റ്മെന്റിൽ മുഴുവൻ പിരീയഡിലും 8,960/- രൂപയാണ് അടിസ്ഥാന ശമ്പളമായി രേഖപ്പെടുത്തിയത്. ഫിബ്രവരി മാസത്തെ തുക മുഴുവനായും ചേർത്തിട്ടുമില്ല. (2,240/- രൂപയാണ് അടിസ്ഥാന ശമ്പളമായി രേഖപ്പെടുത്തിയത്). ടിയാരിയുടെ സേവന പുസ്തകം ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ലാത്തതിനാൽ കൃത്യമായ പരിശോധന സാധ്യമായിട്ടില്ല.

സേവന രേഖകൾ പരിശോധിച്ച് അപാകം പരിഹരിക്കേണ്ടതും വിവരം ഓഡിറ്റ് വിഭാഗത്തെ അറിയിക്കേണ്ടതുമാണ്.

## 3-3 തെരുവുവിളക്ക് സംരക്ഷണവും പരിപാലനവും - അനിവാര്യ ചുമതലകൾ നിറവേറ്റുന്നതിൽ ഗുരുതരമായ വീഴ്ച

പ്രോജക്ട് നം - 139/15

അടങ്കൽ - 4,50,000/- (വികസന ഫണ്ട്)

കരാർ നം. തീയതി - Sec/A2/15/14/15 31.03.15

കരാറുകാരൻ - എലൈറ്റ് ഇലക്ട്രിക്കൽസ്, ചക്കരക്കൽ

എസ്റ്റിമേറ്റ് നിരക്ക് ചെലവ്

1) 21500716/28.11.15 - 2,00,000

2) 21500805/16.12.15 - 1,37,500

3) 21501427/31.03.16 - 1,08,000
4) 21501420/31.03.16 - 4,500

ആകെ - 4,50,000
=======

വൈദ്യുതി ബോർഡ് രേഖകൾ പ്രകാരം കറണ്ട് ചാർജ്ജ് അടക്കുന്നത് താഴെ പറയുന്ന തരത്തിലുള്ള തെരുവു വിളക്കുകൾക്കാണ്.

Metal filament - 385 Nos.

Flurescent lamp 2x40 w - 85 Nos.

Flurescent lamp 40w - 150 Nos.

Sodium vapour lamp - 150 Nos.

C F L - 625 Nos.

ഇതിൽ മെറ്റൽ ഫിലമെന്റ് ലൈറ്റുകൾ ഏതാണ്ട് പൂർണ്ണമായും മറ്റുതരത്തിലുള്ള വിളക്കുകൾ ഉപയോഗിച്ച് മാറ്റി സ്ഥാപിക്കപ്പെട്ടിട്ടുണ്ടെങ്കിലും കറണ്ട് ചാർജ്ജ് പഴയ നിരക്കിൽ തന്നെയാണ് ഒടുക്കി വരുന്നത്.

(a) സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പാലിക്കപ്പെട്ടിട്ടില്ല:

എലൈറ്റ് ഇലക്ട്രിക്കൽസ് ചക്കരക്കൽ എന്ന സ്ഥാപനം എസ്റ്റിമേറ്റ് നിരക്ക് എന്ന് ടെണ്ടർ നിരക്ക് രേഖപ്പെടുത്തി (400/E) എഎംസി എടുത്ത് കരാർ വച്ചിട്ടുണ്ട്. കരാർ നമ്പർ SEC/A2 /15/2014-15 തീയതി 31.03.15. കരാർ തീയതി മുതൽ ഒരു വർഷത്തേക്ക് 15.09.11-ലെ സർക്കാർ ഉത്തരവ് നമ്പർ 3055/DM3/2011/LSGD ഉത്തരവിലെ വ്യവസ്ഥകൾ പാലിച്ച കൊണ്ട് മെയിന്റനൻസ് നടത്താനാണ് ഉടമ്പടി. പ്രോജക്റ്റിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. മേൽപ്പറഞ്ഞ സർക്കാർ ഉത്തരവിലെ ഖണ്ഡിക 2(ഇ) പ്രകാരം കരാർ ലഭിക്കുന്ന ആൾ കരാർ തുകയുടെ 10% സെക്യൂരിറ്റി ഡെപ്പോസിറ്റായി നല്കേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് കരാറുകാരനിൽ നിന്ന് സെക്യൂരിറ്റി ഡെപ്പോസിറ്റായി സെക്രട്ടറിയുടെ പേരിൽ പ്ലെഡ്ജ് ചെയ്തു നല്കിയ 23,000/- രൂപയുടെ എഫ്ഡി റസീറ്റാണ് സ്വീകരിച്ചിട്ടുള്ളത്. കരാറുകാരനിൽ നിന്നും 45,000/- രൂപ സെക്യൂരിറ്റി ഡെപ്പോസിറ്റായി ഈടാക്കേണ്ടതായിരുന്നുവെങ്കിലും ആയത് ചെയ്യാതിരുന്നതിന് ശരിയല്ല. കരാറുകാരൻ കൃത്യസമയത്ത് മെയിന്റനൻസ് ചെയ്തിരുന്നില്ലെന്ന പരാതികളുടെ അടിസ്ഥാനത്തിൽ സെക്രട്ടറി 18.02.16-ന് കരാറുകാരന് നോട്ടീസ് അയച്ചിരുന്നു. ഇതിനു ശേഷം 31.03.16-ന് മെയിന്റനൻസ് പ്രവൃത്തികൾ പൂർത്തിയാക്കിയതായി രേഖപ്പെടുത്തി വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ മുഴുവൻ തുകയും നൽകി. പദ്ധതി മോണിറ്ററിംഗ് നടത്തിയതുമായി ബന്ധപ്പെട്ട രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

2. ബന്ധപ്പെട്ട സർക്കാർ ഉത്തരവിലെ ഖണ്ഡിക 2(ജി)യിൽ നിർദ്ദേശിച്ച പ്രകാരം കരാറിലെ വ്യവസ്ഥകൾക്കനുസൃതമായി സ്ഥാപിക്കപ്പെടുന്ന എല്ലാ വിളക്കുകളും പ്രവർത്തനനിരതമാണോ എന്ന് തദ്ദേശസ്വയം ഭരണ സ്ഥാപനത്തിലെ അധികാരികളും കരാറുകാരനും ഉറപ്പു വരുത്തേണ്ടതും ഇത് സംബന്ധിച്ച് സ്ഥാപനത്തിന്റെയും കെഎസ്ഇബി യുടെയും ബന്ധപ്പെട്ട അധികാരികളും കരാറിന്റെ പ്രാരംഭ ഘട്ടം മുതൽ സംയുക്ത പരിശോധന നടത്തേണ്ടതുമാണ്.

എന്നാൽ തെരുവു വിളക്കുകളുടെ എണ്ണം നിശ്ചയിക്കുന്നതിന് കെഎസ്ഇബി യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടില്ല.

3. പരാതി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

4. കെഎസ്ഇബി യുടെ മാടായി, പഴയങ്ങാടി സെക്ഷനുകളിൽ നിന്നും ഗ്രാമപഞ്ചായത്ത് പരിധിയിൽ നിലവിൽ ഉള്ള തെരുവു വിളക്കുകളുടെ കൃത്യമായ കണക്കുകൾ ലഭ്യമാക്കിയിട്ടില്ല. ഓരോ വാർഡിലും പ്രവർത്തനക്ഷമമായ എത്ര തെരുവു വിളക്കുകൾ ഉണ്ട് എന്ന് കണക്കാക്കാതെ അടങ്കൽ തുക നിശ്ചയിച്ചത് ശരിയല്ല.

പദ്ധതി പ്രകാരം വിളക്കുകൾ നന്നാക്കിയതിന് കരാർ പ്രകാരം നൽകേണ്ട 4,50,000/- രൂപ കരാറുകാരന് നൽകിയിട്ടുണ്ട്. എന്നാൽ തുക നൽകുന്ന അവസരത്തിൽ നിയമാനുസൃതം ഈടാക്കേണ്ട സർവീസ് ടാക്സ് കരാറുകാരനിൽ നിന്നും ഈടാക്കിയിട്ടില്ല. ആയത് ഈടാക്കി ബന്ധപ്പെട്ട കണക്കിനത്തിൽ ഒടുക്കേണ്ടതാണ്.

<u>(b) അനിവാര്യ ചുമതല നിറവേറ്റുന്നതിൽ ഗുരുതര വീഴ്ച:</u>

1. എഎംസി നല്കുന്നതിനായി 2014-15 സാമ്പത്തിക വർഷം ടെണ്ടർ ക്ഷണിച്ചതിൽ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ കരാറുകാരൻ ശ്രീ.സനോഷ് വി.വി., ബേപ്പൂർ (.5% കുറഞ്ഞ നിരക്ക്) എഗ്രിമെന്റ് വച്ച് 22,500/- രൂപയുടെ സെക്യൂരിറ്റി ഡെപ്പോസിറ്റ് നല്കിയെങ്കിലും പ്രവൃത്തി നടത്തിയിരുന്നില്ല. ഇതിനെ തുടർന്ന് ടിയാന് 24/01/15 നാണ് നോട്ടീസ് നല്കിയത്. (അതായത് കരാർ വച്ച് രണ്ട് മാസങ്ങൾക്കു ശേഷം) 04.02.15-ന് നോട്ടീസ് കൈപ്പറ്റിയിട്ടും ടിയാൻ പഞ്ചായത്ത് ഓഫീസിൽ ഹാജരാവുകയോ പ്രവൃത്തി നടത്തുകയോ ചെയ്തിട്ടില്ലെങ്കിലും ടിയാന്റെ സെക്യൂരിറ്റി ഡെപ്പോസിറ്റ് കണ്ടുകെട്ടി പഞ്ചായത്തു ഫണ്ടിൽ വരവു വച്ചിട്ടില്ല. തുക അടിയന്തരമായും കണ്ടുകെട്ടി ഗ്രാമപഞ്ചായത്ത് ഫണ്ടിൽ വരവു വെക്കേണ്ടതാണ്.

2. സെക്യൂരിറ്റി ഡെപ്പോസിറ്റായി 10% ഈടാക്കാത്തതിനാൽ കരാർ വ്യവസ്ഥകൾ ലംഘിച്ച കരാറുകാരനിൽ നിന്നും പിഴയായി അത്രയും തുക ഈടാക്കാൻ കഴിയാത്ത സാഹചര്യമാണ്. കരാറുകാരന്റെ നഷ്ടോത്തരവാദിത്തത്തിലാണ് റീടെണ്ടർ നടപടികൾ സ്വീകരിക്കേണ്ടിയിരുന്നത്. റീടെണ്ടറിൽ എസ്റ്റിമേറ്റ് നിരക്കിലാണ് കരാർ ഏറ്റെടുത്തിട്ടുള്ളതെന്നതിനാലുള്ള നഷ്ടവും ഉണ്ടായിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലയിൽപ്പെടുന്നതാണ് തെരുവുവിളക്കുകളുടെ സംരക്ഷണം. കരാർ വ്യവസ്ഥകൾ ലംഘിച്ച കരാറുകാർക്കെതിരെ കൃത്യസമയത്ത് നടപടികൾ സ്വീകരിക്കുകയും പെട്ടെന്നു തന്നെ റീടെണ്ടർ നടപടികൾ സ്വീകരിക്കുകയും ചെയ്യാതിരുന്നത് അനിവാര്യ ചുമതല നിറവേറ്റുന്നതിൽ ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തു നിന്നുണ്ടായ ഗുരുതരമായ വീഴ്ചയാണ്.

കെഎസ്ഇബി യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി ആകെ വിളക്കുകളുടെ എണ്ണം, തരം എന്നിവ കണക്കാക്കി രജിസ്റ്റർ തയ്യാറാക്കേണ്ടതും, തുടർ വർഷങ്ങളിൽ സ്ഥാപിക്കുന്ന

വിളക്കുകളുടെ എണ്ണം, തരം എന്നിവ രേഖപ്പെടുത്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

മേൽ വസ്തുതകളിൽ പഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഓഡിറ്റ് വിഭാഗത്തെ അറിയിക്കേണ്ടതാണ്.

## 3-4 വാട്ടർ ചാർജ്ജ് - സംയുക്ത പരിശോധന നടത്തിയിട്ടില്ല, മീറ്റർ സ്ഥാപിച്ചിട്ടില്ല

ഗ്രാമപഞ്ചായത്ത് വാട്ടർ ചാർജ്ജിനത്തിൽ പ്രതിമാസം 161 ടാപ്പുകൾക്കായി 70,438/- രൂപ വീതം ഒടുക്കി വരുന്നുണ്ട്. വാട്ടർ ടാപ്പുകളുടെ എണ്ണം സംബന്ധിച്ച സംയുക്ത പരിശോധന നടത്തുകയോ പൊതു ടാപ്പുകൾക്ക് മീറ്റർ സ്ഥാപിക്കുകയോ ചെയ്തിട്ടില്ല. ഉപയോഗിക്കുന്ന വെള്ളത്തിനനുസരിച്ച വാട്ടർ ചാർജ്ജ് അടക്കുന്നതിന് മേൽപ്പറഞ്ഞ കാര്യങ്ങൾ ചെയ്യുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്ത് പരിധിയിലെ മുഴുവൻ ടാപ്പുകളുടെയും എണ്ണം കണക്കാക്കി രജിസ്റ്റർ തയ്യാറാക്കേണ്ടതും, തുടർന്ന് വരുന്ന വർഷങ്ങളിൽ സ്ഥാപിക്കുന്ന ടാപ്പുകളുടെ എണ്ണം അതാതു വർഷത്തിൽ രജിസ്റ്ററിൽ ഉൾപ്പെടുത്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കാനും ശ്രദ്ധിക്കേണ്ടതാണ്. സ്വീകരിച്ച നടപടികൾ ഓഡിറ്റ് വിഭാഗത്തിന് നൽകേണ്ടതാണ്.

## 3-5 ബഡ്സ് സ്കൂൾ ടീച്ചേഴ്സ്, ഫിസിയോ തെറാപ്പിസ്റ്റ് - കുടിശ്ശിക വേതനം അനുവദിച്ചത് - നല്കിയ വേതനം സംബന്ധിച്ച് വ്യക്തതയില്ല - 1,03,500/- രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

വൌച്ചർ നം. - 21501204/15.03.16 - 1,03,500/- രൂപ

ബഡ്സ് സ്കൂൾ സ്റ്റാഫിന് താഴെ പറയുന്ന നിരക്കിൽ ധനസഹായം അനുവദിക്കാനാണ് ഡിപിഐയുടെ 29.08.13 തീയതിയിലെ നമ്പർ M1/56488/12/DPI ഉത്തരവിൽ വ്യക്തമാക്കിയിട്ടുള്ളത്. 2012-13-ൽ ഈ നിരക്ക് ബാധകമാണോ എന്ന് വ്യക്തമല്ല.

പ്രിൻസിപ്പൽ (Post Graduate or Graduate with BEd in Special Education with 4 years experience or diploma in Special Education with 6 years experience or BRS graduate with 5 years experience) @14,000/month.

Special teachers (graduate with BEd general or BEd in Special Education with 2 years experience or diploma in Special Education with 3 years experience or BRS graduate with 1 year experience)
@12,000/month.

Trained graduate teacher (graduate or graduate with BEd general, Bed in Special Education with no experience or diploma in Special Education with one year experience or BRS graduate) @10,000/month.

Ayah ($8^{th}$ class) @4,500/month.

Physiotherapist (Post Graduate in related field with 2 years experience or graduate in related field with 5 years experience) @600 per visit.

2012-13, 2013-14 കാലഘട്ടങ്ങളിൽ ജോലി ചെയ്തിരുന്ന വിവിധ കാറ്റഗറികളിൽ പെട്ട സ്റ്റാഫിന് ഓഡിറ്റ് വർഷം കുടിശ്ശിക വേതനം വിതരണം ചെയ്തിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകങ്ങൾ ശ്രദ്ധയിൽപെട്ടു.

1. ഡ്യൂ-ഡ്രോൺ സ്റ്റേറ്റ്മെന്റ് തയ്യാറാക്കിയത് ഏത് ഉത്തരവ് അടിസ്ഥാനമാക്കിയാണെന്ന് വ്യക്തമല്ല. (2012-13-ൽ നല്കാവുന്ന വേതനം എത്രയെന്ന് രേഖപ്പെടുത്തിയിട്ടില്ല).

2. സ്റ്റാഫിന്റെ യോഗ്യത സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

3. ഫിസിയോ തെറാപ്പിസ്റ്റിന് സന്ദർശനങ്ങളുടെ എണ്ണത്തിനനുസരിച്ചാണ് പ്രതിഫലം നല്കേണ്ടത്. ആയതിനാൽ 2012-13, 2013-14 വർഷങ്ങളിലെ സന്ദർശനങ്ങൾ സംബന്ധിച്ച വിവരങ്ങൾ ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല.

4. നല്കിയ പ്രതിഫലം സംബന്ധിച്ച വിവരങ്ങൾ പരിശോധിക്കുന്നതിന് സ്റ്റാഫിന്റെ പ്രതിഫലം രേഖപ്പെടുത്തുന്ന അക്വിറ്റൻസ് രജിസ്റ്റർ ലഭ്യമാക്കിയിട്ടില്ല.

5. ഐസിഡിഎസ് സൂപ്പർവൈസറുടെ ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയതു പ്രകാരമുള്ള വിവരങ്ങൾ ഡ്രോൺ സാലറിയായി സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തിയ വിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ല. യഥാർത്ഥത്തിൽ നല്കിയ തുക അടിസ്ഥാനമാക്കിയുള്ള ഡ്യൂ-ഡ്രോൺ സ്റ്റേറ്റ്മെന്റ്, ആയതിന് ആധാരമാക്കിയ രേഖകൾ സഹിതം ഹാജരാക്കേണ്ടതാണ്.
കുടിശ്ശിക വേതന വിതരണത്തിന്റെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| പേര് | തസ്തിക | ഡ്യൂ | ഡ്രോൺ | ബാലൻസ് | നൽകിയത് | ഐസിഡിഎസ് സൂപ്പർവൈസറുടെ ക്യാഷ് ബുക്ക് പ്രകാരം നല്കിയ തുക | |
|---|---|---|---|---|---|---|---|
| | | | | | | 2012-13 | 2013-14 |
| നിഷ ഇടമന | പ്രിൻസിപ്പൽ<br>2012-13<br>2013-14 | 120000<br>56100 | 85360<br>54852 | 34640<br>1248 | 34690 | 38000 | 69000 |
| വിന്യ യു. | ടീച്ചർ<br>2012-13<br>2013-14 | 70000<br>7200 | 53400<br>7000 | 16600<br>200 | 16800 | 30000 | 6800 |
| പ്രകാശിനി ടി | 2012-13<br>2013-14 | 70000<br>39600 | 53400<br>38250 | 16600<br>1350 | 16750 | 30000 | 34000 |
| ഗ്രേസ് മീര ജോസഫ് | ആയ<br>2012-13 | 45000 | 32600 | 12400 | 12400 | 15000 | 25000 |

| | | | | | | | |
|---|---|---|---|---|---|---|---|
| | 2013-14 | 22200 | 20850 | 1350 | | | |
| ഷീബ കെ. | 2012-13<br>203-14 | 45000<br>22200 | 32600<br>20850 | 12400<br>1350 | 12400 | 15000 | 25000 |
| പ്രയത സി.വി | ഫിസിയോ തെറാപ്പിസ്റ്റ്<br>2012-13<br>2013-14 | 48000<br>22880 | 39090<br>21280 | 8910<br>1600 | 10510 | 15980 | 27200 |
| ലതിക പി.പി | ടീച്ചർ -2013-14 | 25200 | 23900 | 1300 | | | 20400 |
| ആകെ | | | 109948 | | 103500 | | |

അടിസ്ഥാന രേഖകളുടെ അഭാവത്തിൽ ചെലവഴിച്ച തുക തടസത്തിൽ വെക്കുന്നു. മതിയായ വിശദീകരണങ്ങൾ തന്നും രേഖകൾ ഹാജരാക്കിയും ഓഡിറ്റ് തടസ്സം തീർക്കേണ്ടതാണ്.

## 3-6 ആയുർവേദ ആശുപത്രിയിലെ ഒ പി ടിക്കറ്റ് പ്രിന്റിംഗിന് തനത് ഫണ്ട് ഉപയോഗിച്ചത് ക്രമപ്രകാരമല്ല

പ്രോജക്റ്റ് നം. - 5/16 പദ്ധതി രൂപീകരണവും മോണിറ്ററിംഗും

വൌച്ചർ നം. - 21501389/31.03.16 - 47896/- രൂപ

വിവിധ പ്രിന്റിംഗ് ചെലവുകൾക്കായി എക്സ്പ്രസ് ഓഫ് സെറ്റ് പ്രിന്റേഴ്സ് എന്ന സ്ഥാപനത്തിന് നല്കിയ തുകയാണിത്. അതിൽ 1,450/- രൂപ ആയുർവേദാശുപത്രിക്ക് ഒപി ടിക്കറ്റ് പ്രിന്റ് ചെയ്ത വകയിലുള്ളതാണ്. പ്രസ്തുത ആവശ്യത്തിന് എച്ച്എംസി ഫണ്ടാണ് ഉപയോഗിക്കേണ്ടിയിരുന്നത് എന്നതിനാൽ എച്ച്എംസി ഫണ്ടിൽ നിന്നും തുക ഗ്രാമപഞ്ചായത്ത് ഫണ്ടിലേക്ക് തിരിച്ചടക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 3-7 ആശ്രയ പദ്ധതി - ഫലപ്രാപ്തിയിലെത്തിയില്ല

ആശ്രയ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറി നമ്പർ 2/15-16 തീയതി 19.11.16-ന് അസിസ്റ്റന്റ് സെക്രട്ടറി നല്കിയ മറുപടിയിൽ നിന്നും പദ്ധതി ലക്ഷ്യ പ്രാപ്തി കൈവരിച്ചിട്ടില്ലെന്ന് വ്യക്തമാണ്.

വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു

| ഇനം | ഫസ്റ്റ് പ്രോജക്ട് | സെക്കന്റ് പ്രോജക്ട് |
|---|---|---|
| പ്രോജക്ടു പ്രകാരം ആകെ ഗുണഭോക്താക്കൾ | 70 | 87 |
| പ്രോജക്ടു പ്രകാരം വീടു വെക്കാൻ സ്ഥലം ആവശ്യമുള്ളവർ | 4 | 5 |
| നാളിതു വരെ ലഭിച്ചവർ | 1 | 0 |
| പ്രോജക്ടു പ്രകാരം വീട് ആവശ്യമുള്ളവർ | 10 | 18 |
| നാളിതു വരെ ലഭിച്ചവർ | 7 | 1 |
| വീട് റിപ്പയർ ആവശ്യമുള്ളവർ | 0 | 5 |
| നാളിതു വരെ ലഭിച്ചവർ | 0 | 1 |
| കുടിവെള്ളം ആവശ്യമുള്ളവർ | 2 | 3 |
| നാളിതു വരെ ലഭിച്ചവർ | 0 | 0 |

സമൂഹത്തിന്റെ താഴേക്കിടയിലുള്ള ഏറ്റവുമധികം സഹായം ആവശ്യമുള്ള വിഭാഗമെന്ന നിലയിൽ ആശ്രയ കുടുംബങ്ങളുടെ ആവശ്യങ്ങൾക്ക് മുൻഗണന നല്കി വാർഷിക പദ്ധതികൾ തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-8 എസ് എസ് എ പ്രവർത്തനങ്ങൾക്ക് ഗ്രാമപഞ്ചായത്ത് വിഹിതം - പദ്ധതി വിലയിരുത്തപ്പെടുന്നില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രോജക്ട് നം. - 4/16

അടങ്കൽ - 5,34,048/- (വികസന ഫണ്ട്)

ചെലവ് - 5,34,048 (വൌച്ചർ നം. 21500841/19.12.15)

എസ്എസ്എ യുടെ 2015-16 വർഷത്തേക്കുള്ള പഞ്ചായത്ത് എഡ്യൂക്കേഷൻ പ്ലാനിൽ 15,25,850/- രൂപ തദ്ദേശ സ്ഥാപനത്തിനു വേണ്ടി വിവിധ ഇനങ്ങൾക്കായി ആവശ്യമുള്ളതായി രേഖപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് വിഹിതമായ 35% എന്ന നിലയിൽ 5,34,048/- രൂപ ഗ്രാമപഞ്ചായത്ത് എസ്എസ്എ യിൽ ഒടുക്കിയിട്ടുണ്ട്. പ്രസ്തുത തുക പൂർണ്ണമായും വിനിയോഗിച്ചതായി 4/2016-ൽ എസ്എസ്എ യിൽ നിന്ന് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് തലത്തിൽ ഏതൊക്കെ ആവശ്യങ്ങൾക്കായി എത്ര തുക വീതം ചെലവഴിക്കപ്പെട്ടു എന്ന് വിലയിരുത്തപ്പെട്ടിട്ടില്ല.

19.12.15-ന് കൈമാറിയ തുക ഏതു വർഷത്തേക്ക് യൂനിഫോമുകളും പുസ്തകങ്ങളും വിതരണം ചെയ്യുന്നതിനാണ് ഉപയോഗപ്പെടുത്തിയത് എന്ന് വ്യക്തമല്ല. സ്കൂളുകളിൽ ടെക്സ്റ്റ് ബുക്കുകളും

യൂണിഫോമും വിതരണം നടത്തിയതു സംബന്ധിച്ച ഹെഡ് മാസ്റ്റർമാരുടെ സാക്ഷ്യപത്രവും എസ്എസ്എ യിൽ നിന്നും 2015-16 വർഷം വിവിധ ഇനങ്ങൾക്കായി നടത്തിയ ചെലവുകൾ സംബന്ധിച്ച ഇനം തിരിച്ചുള്ള വിശദമായ സ്റ്റേറ്റ്മെന്റും ലഭ്യമാക്കേണ്ടതാണ്.

## 3-9 വികലാംഗർക്ക് ഉപകരണങ്ങൾ വാങ്ങൽ - പദ്ധതി നിർവ്വഹണം സുതാര്യമല്ല

S 109/15-16

നിർവ്വഹണം - മെഡിക്കൽ ഓഫീസർ, പിഎച്ച്സി

അടങ്കൽ - 2,00,000/- രൂപ

ബിൽ നം. - 10/15-16/26.03.2016 1,94,750/- രൂപ

(ഡിഡി.നം.934300 തീയതി 23.03.2016)

മേൽ പദ്ധതി പ്രകാരം 14 ഗുണഭോക്താക്കൾക്ക് കെൽട്രോൺ മുഖാന്തിരം ഉപകരണങ്ങൾ നൽകിയിട്ടുണ്ട്. ഓരോരുത്തർക്കും ഏതെല്ലാം ഉപകരണങ്ങളാണ് നല്കിയത് എന്നതിന് കൈപ്പറ്റ് രശീതി ഫയലിൽ ലഭ്യമല്ല. ഗുണഭോക്താക്കൾ ലിസ്റ്റിൽ ഒപ്പു വയ്ക്കുക മാത്രമാണ് ചെയ്തത്. ഓരോ ഗുണഭോക്താവിനും നല്കിയ ഉപകരണങ്ങളുടെ വിവരങ്ങൾ ലഭ്യമാക്കുന്നതിനു വേണ്ടി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.13/15-16 /23.11.16) വ്യക്തമായ മറുപടി ലഭിച്ചിട്ടില്ല.

സ്ഥാപനത്തിൽ നിന്നും ലഭിച്ച ഇൻവോയ്സ് പ്രകാരം 31.03.2016-ന് ലഭിച്ച ഉപകരണങ്ങൾ വിതരണം നടത്തിയത് 02.06.2016-ലാണ്. നിർവ്വഹണ ഉദ്യോഗസ്ഥൻ 01.06.2016-ന് കെൽട്രോണിന് നല്കിയ കത്തിൽ നസീം നജിമുദ്ദീൻ എന്ന ഗുണഭോക്താവിന് ആവശ്യമായ Forearm crutches - 2 എണ്ണവും മോഞ്ചി ബക്കിത്ത എന്ന ഗുണഭോക്താവിന് elbow orthosis (crutches) ഉം ലഭിച്ചിട്ടില്ല എന്ന് അറിയിച്ചിട്ടുണ്ട്. പ്രസ്തുത ഗുണഭോക്താക്കൾക്ക് ഉപകരണങ്ങൾ ലഭിച്ചത് 02.06.2016-നു ശേഷം ഒരാഴ്ച കഴിഞ്ഞതിനു ശേഷമാണ്. പദ്ധതി നടത്തിപ്പിലെ മോണിറ്ററിങ്ങിലെ അപര്യാപ്തത മൂലം ഗുണഭോക്താക്കൾക്ക് യഥാസമയം സേവനങ്ങൾ ലഭിക്കാത്തത് ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-10 പട്ടികജാതി വിദ്യാർത്ഥികൾക്ക് മേശയും കസേരയും നൽകൽ - ചെലവ് തുക 92,459/- രൂപ തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് സെക്രട്ടറി

പ്രൊജക്ട് നം. - S0111/15-16

പ്രൊജക്ടിന്റെ പേര് - പട്ടികജാതി വിദ്യാർത്ഥികൾക്ക് മേശയും കസേരയും നൽകൽ

അടങ്കൽ - 1,00,000/- (വികസനഫണ്ട്)

ബിൽ നം./തീയതി - 8/15-16/18-3-2016, തുക 92,459/-

പഞ്ചായത്തിലെ 25 പട്ടികജാതി വിദ്യാർത്ഥികൾക്ക് മേശയും കസേരയും നൽകുക എന്ന ലക്ഷ്യത്തോടു കൂടി തയ്യാറാക്കിയ മേൽ പ്രൊജക്ട് പ്രകാരം, ടെണ്ടർ ക്ഷണിച്ചതനുസരിച്ച് ലഭ്യമായ

ടെണ്ടറുകളിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ഫിഡ്കോ എന്ന സ്ഥാപനത്തിൽ നിന്നും 3,222/- രൂപ നിരക്കിൽ 25 സ്റ്റീൽ മേശയും, 478/- രൂപ നിരക്കിൽ 25 പ്ലാസ്റ്റിക്ക് കസേരയും അടക്കം മൊത്തം 92,459/- രൂപയ്ക്ക് ഫർണിച്ചറുകൾ വാങ്ങി വിദ്യാർത്ഥികൾക്ക് വിതരണം ചെയ്തിട്ടുണ്ട്. സ.ഉ.(എ.എസ്.)നം.362/2013/ ത.സ്വ.ഭ.വ., തിരുവനന്തപുരം, തീയതി 16-11-2013 പ്രകാരം പട്ടികജാതി വിദ്യാർത്ഥികൾക്ക് നൽകുന്ന കസേരയും മേശയും സ്റ്റീൽ അല്ലെങ്കിൽ മര നിർമിതമായിരിക്കണമെന്നും, പട്ടികജാതി വികസന വകുപ്പിൽ നിന്നോ, മറ്റ് സ്രോതസ്സുകളിൽ നിന്നോ ഉപകരണം ലഭ്യമായവർക്ക് പഞ്ചായത്തിൽ നിന്ന് നൽകേണ്ടതില്ല എന്നും നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ നിർവഹണോദ്യോഗസ്ഥൻ ഉത്തരവിൽ പറഞ്ഞതിനു വിരുദ്ധമായി പ്ലാസ്റ്റിക്ക് കസേരയാണ് വാങ്ങി വിതരണം ചെയ്തിട്ടുള്ളത്. അതുപോലും ടെണ്ടറിൽ കാണിച്ച ഇനം തന്നെയാണ് ലഭിച്ചത് എന്ന് ഉറപ്പു വരുത്തിയിട്ടില്ല. മാത്രമല്ല, പട്ടികജാതി വികസന വകുപ്പിൽ നിന്ന് മേശയും കസേരയും ലഭ്യമാക്കിയിട്ടില്ല എന്ന സാക്ഷ്യപത്രവും ലഭ്യമാക്കിയിട്ടില്ല. ഇപ്രകാരം സർക്കാർ ഉത്തരവിൽ പറഞ്ഞതിനു വിരുദ്ധമായി പദ്ധതി നടപ്പിലാക്കിയതിനു തൃപ്തികരമായ മറുപടി ലഭ്യമാക്കാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.27/15-16 തീയതി 30-11-2016) മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടിയുടെ അഭാവത്തിൽ ചെലവ് തുക 92,459/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-11 10-ാം ക്ലാസ്സിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് സൈക്കിൾ നൽകൽ - പദ്ധതിച്ചെലവ് 86,020/- രൂപ തടസപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് സെക്രട്ടറി

പ്രൊജക്ട് നം. - S0148/16

പ്രൊജക്ടിന്റെ പേര് - 10-ൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് സൈക്കിൾ നൽകൽ

അടങ്കൽ - 1,00,000/- (വികസനഫണ്ട്)

ബിൽ നം./തീയതി - 9/15-16/18-3-2016, തുക 86,020/-

ഡി.ഡി.നം./തീയതി - 934176/18-3-16, 86020/-

മേൽ പദ്ധതി പ്രകാരം ടെണ്ടർ ക്ഷണിച്ചതനുസരിച്ച് ലഭ്യമായ ടെണ്ടറുകളിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ഫിഡ്കോയിൽ നിന്ന് 3,842/- രൂപ നിരക്കിൽ 7 ബോയ്സ് സൈക്കിളും, 3,942/- രൂപ തിരക്കിൽ 15 ഗേൾസ് സൈക്കിളും അടക്കം മൊത്തം 86,020/- രൂപ വിനിയോഗിച്ച് വാങ്ങി വിദ്യാർത്ഥികൾക്ക് നൽകിയിട്ടുണ്ട്. സ.ഉ.(എ.എസ്.)നം.362/2013/ത.സ്വ.ഭ.വ., തിരുവനന്തപുരം, തീയതി 16-11-2013 പ്രകാരം പട്ടികജാതി വിദ്യാർത്ഥികൾക്ക് സൈക്കിൾ നൽകുമ്പോൾ പട്ടികജാതി വികസന വകുപ്പിൽ നിന്നോ, മറ്റ് സ്രോതസ്സുകളിൽ നിന്നോ സൈക്കിൾ ലഭ്യമായവർക്ക് പഞ്ചായത്തിൽ നിന്ന് നൽകേണ്ടതില്ല എന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ നിർവഹണോദ്യോഗസ്ഥൻ ഉത്തരവിൽ പറഞ്ഞതിനു വിരുദ്ധമായി പട്ടികജാതി വികസന വകുപ്പിൽ നിന്നുള്ള സാക്ഷ്യപത്രമില്ലാതെയാണ് സൈക്കിൾ വാങ്ങി വിതരണം ചെയ്തിട്ടുള്ളത്. ഇപ്രകാരം സർക്കാർ ഉത്തരവിൽ പറഞ്ഞതിനു വിരുദ്ധമായി പദ്ധതി നടപ്പിലാക്കിയതിനു തൃപ്തികരമായ മറുപടി ലഭ്യമാക്കാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. അതിനാൽ ചെലവ് തുക 86,020/- രൂപ ഓഡിറ്റിൽ തടസപ്പെടുത്തുന്നു.

## 3-12 ഐഎവൈ ഗ്രാമപഞ്ചായത്ത് വിഹിതം - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല - തുക 2,00,000/- രൂപ തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് സെക്രട്ടറി

പ്രൊജക്ട് നം - S0146/16

പ്രൊജക്ടിന്റെ പേര് - ഐഎവൈ പദ്ധതിക്ക് ഗ്രാമപഞ്ചായത്ത് വിഹിതം

അടങ്കൽ - 2,00,000/- (വികസനഫണ്ട്)

ബിൽ നം./തീയതി - 15/15-16/15-2-2016, തുക – 2,00,000/-

ഡി.ഡി.നം/തീയതി - 933976/19-2-16, തുക - 2,00,000/-

പഞ്ചായത്തിൽ നടപ്പിലാക്കി വരുന്ന ഐഎവൈ ഭവനനിർമാണ പദ്ധതിക്ക് ആനുപാതികമായി ഗ്രാമപഞ്ചായത്ത് വിഹിതം നൽകുന്നതിനു വേണ്ടി തയ്യാറാക്കിയ മേൽ പ്രൊജക്ട് പ്രകാരം 2,00,000/- രൂപ പിൻവലിച്ച് മേൽ ഡി.ഡി. പ്രകാരം കല്ല്യാശ്ശേരി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്ക് നൽകിയിട്ടുണ്ട്. എന്നാൽ ഇതുമായി ബന്ധപ്പെട്ട് നാളിതു വരെയുള്ള ചെലവുകൾ സംബന്ധിച്ച രേഖകൾ, വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ആയത് പരിശോധനയ്ക്ക് ഹാജരാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ചെലവ് തുക 2,00,000/- രൂപ ഓഡിറ്റിൽ തടസപ്പെടുത്തുന്നു.

## 3-13 ഭവന നിർമാണം പൂർത്തിയാക്കാത്തത്

നിർവ്വഹണ ഉദ്യോഗസ്ഥൻ - വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

(a) ഇഎംഎസ് ഭവനപദ്ധതി

നിർവ്വഹണോദ്യോഗസ്ഥൻ - വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

പ്രൊജക്ട് നം. - 118/15-16

പ്രൊജക്ടിന്റെ പേര് - ഇഎംഎസ് ആശ്രയഭവനം (ജനറൽ)

അടങ്കൽ - 52,68,375/- (സഹകരണ സ്ഥാപനത്തിൽ നിന്നുള്ള വായ്പ)

ചെലവ് - 1,20,000/-

സ്പിൽ ഓവർ പ്രൊജക്ടായി നടപ്പിലാക്കിവരുന്ന മേൽ പദ്ധതിയുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ 2009-10 വർഷം പദ്ധതിയിൽ ഉൾപ്പെട്ട താഴെ പട്ടികയിൽ കാണിച്ചിരിക്കുന്ന ഗുണഭോക്താക്കൾ ഭവനനിർമാണം പൂർത്തിയാക്കിയിട്ടില്ല എന്ന് വ്യക്തമാകുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ ആകെ തുക | ഡിഡിനം/തീയതി/തുക |
|---|---|---|---|

| | | | |
|---|---|---|---|
| 1 | മനോഹരൻ മത്തേരിവളപ്പിൽ | 67,500/- | 101617/16-3-10, 22,500/-<br>028734/13-5-10, 30,000/-<br>029196/8-9-10, 15,000/- |
| 2 | ബാച്ചി സുലൈമാനത്ത് മൈമൂനത്ത് | 22,500/- | 101672/31-3-10, 22,500/- |
| 3 | തെക്കേവീട്ടിൽ പാറു | 52,500/- | 101636/16-3-10, 22,500/-<br>029192/8-9-10, 30,000/- |
| 4 | കല്ലേൻ മാഗി | 22,500/- | 101516/25-2-10, 22,500/- |
| 5 | റുഖിയ ഉളിക്കുന്നുമ്മൽ | 22,500/- | 101611/16-3-10, 22,500/- |
| 6 | കിഴക്കേപുരയിൽകാർത്ത്യായനി | 22,500/- | ഡിഡി നമ്പർ രേഖപ്പെടുത്തിയിട്ടില്ല.<br>തീയതി 18-3-10, 22,500/- |
| 7 | മുണ്ടവളപ്പിൽ ശാരദ | 67,500/- | 069008/25-2-10, 22,500/-<br>029412/25-9-10, 30,000/-<br>000847/16-3-11, 15,000/- |
| 8 | ബേബി ത്രേസ്യ | 52,500/- | 101515/25-2-10, 22,500/-<br>000826/29-12-10,30,000/- |
| | ആകെ | 3,30,000/- | |

ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

b) ഇഎംഎസ് ഭവനനിർമ്മാണം (എസ്.സി.പി)

പ്രൊജക്ട് നം. - 120/15-16

അടങ്കൽ - 14,83,500/- (സഹകരണസ്ഥാപനത്തിൽ നിന്നുള്ള വായ്പ)

ചെലവ് - ഇല്ല

സ്പിൽ ഓവർ പ്രൊജക്ടായി നടപ്പിലാക്കി വരുന്ന മേൽ പദ്ധതിയുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ 2010-11 പദ്ധതിയിൽ ഉൾപ്പെട്ട ശ്രീമതി.അനിത കാട്ടൂർപറമ്പിൽ എന്നവർ ഡിഡിനം. 028743 തീയതി 16-6-2010 ആയി 30,000/- രൂപ ഭവന നിർമാണത്തിനായി ആദ്യ ഗഡു കൈപ്പറ്റിയിട്ടുണ്ട്. ടിയാരി തുടർ ഗഡുക്കൾ കൈപ്പറ്റിയിട്ടില്ലെന്നാണ് ഗുണഭോക്തൃ രജിസ്റ്ററിൽ നിന്ന് വ്യക്തമാകുന്നത്. ടി വ്യക്തി ഭവനനിർമാണം നാളിതു വരെ ആരംഭിച്ചിട്ടില്ല എന്നും ടിയാരിക്ക് ഭവന നിർമ്മാണം നടത്താൻ കഴിയില്ലെന്നും തുക തിരിച്ചടക്കാൻ തയ്യാറാണെന്നും അറിയിച്ചിട്ടുള്ളതായി വിഇഒ മറുപടി നല്കിയിട്ടുണ്ട്. ആവശ്യമായ തുടർനടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 3-14 അതുല്യം തുടർ വിദ്യാഭ്യാസ പദ്ധതി - പദ്ധതിച്ചെലവ് 43,400/- രൂപ തടസ്സപ്പെടുത്തുന്നു, ഓണറേറിയം 1,000/-രൂപ നിരാകരിക്കുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഹെഡ് മാസ്റ്റർ

പ്രോജക്ട് നം. - S0157/16

പേര് - അതുല്യം തുടർ വിദ്യാഭ്യാസ പദ്ധതി

അടങ്കൽ - 44,400/- (വികസന ഫണ്ട്)

ബിൽ നം./തീയതി - 4/15-16/31-03-2016, തുക - 44,400/-

{ഡി.ഡി നം./തീയതി - 804424/12-04-2016, തുക –37,400/-

{ചെക്ക് നം./തീയതി – 004940/12-04-2016, തുക - 7,000/-

----------

ആകെ : 44,400/- }

=======

പഞ്ചായത്തിൽ പ്ലസ്-വൺ തുല്യതാ പ്രവർത്തനം നടത്തുന്നതിനു വേണ്ടി ഹെഡ് മാസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിൽ വരുത്തിയ മേൽ പ്രോജക്ട് പ്രകാരം 44,400/- രൂപ പിൻവലിച്ച്, 17 പഠിതാക്കളുടെ കോഴ്സ് ഫീ ഇനത്തിൽ (ഒരാൾക്ക് 2,200/- രൂപ നിരക്കിൽ) മൊത്തം 37,400/- രൂപ മേൽ ഡി.ഡി. പ്രകാരം കണ്ണൂർ ജില്ലാ സാക്ഷരതാ മിഷനും, കോർഡിനേറ്റർക്കുള്ള ഹോണറേറിയം ഇനത്തിൽ (പ്രതിമാസം 1,000/- രൂപ നിരക്കിൽ) 7 മാസത്തേക്ക് 7,000/- രൂപയുടെ ചെക്ക് ശ്രീമതി. റഷീദ ഒ. എന്നവർക്കും നൽകിയിട്ടുണ്ട്. പ്രൊജക്ട് രേഖകൾ ഓഡിറ്റിന് വിധേയമാക്കിയതിന്റെ അടിസ്ഥാനത്തിൽ കണ്ടെത്തിയ അപാകങ്ങൾ താഴെ കൊടുക്കുന്നു.

1) 17 പഠിതാക്കളുടെ കോഴ്സ് ഫീ നൽകിയിട്ടുണ്ടെങ്കിലും പഠിതാക്കളുടെ വിശദവിവരം, കോഴ്സ് നടത്തിയതിന്റെ വിശദാംശം, പരീക്ഷ നടത്തി സർട്ടിഫിക്കറ്റ് നൽകിയതിന്റെ രേഖകൾ എന്നിവ ഓഡിറ്റിൽ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

2) സ.ഉ.(എം.എസ്)നം.362/2013/ത.സ്വ.ഭ.വ. തീയതി 16-11-2013 പ്രകാരം, കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റിയുടെ കീഴിൽ സാക്ഷരതാ/തുടർ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ നടത്തി വരുന്നതിന്റെ ഭാഗമായി വിവിധ ക്ലാസ്സുകളിലെ പരീക്ഷ എഴുതുന്നവർക്ക് കേരള സംസ്ഥാന സാക്ഷരതാ മിഷൻ നൽകുന്ന പാഠപുസ്തകങ്ങളുടെ വിലയും, ഇവർ കേരള സംസ്ഥാന മിഷനിൽ അടക്കേണ്ട ഫീസും നൽകാൻ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. കോ-ഓർഡിനേറ്റർക്കുള്ള ഫീസ് നൽകുന്നതിനെക്കുറിച്ച് ഉത്തരവിൽ പറയുന്നില്ല. വ്യക്തമായ സർക്കാർ നിർദ്ദേശങ്ങളില്ലാതെ 2015 ഏപ്രിൽ മുതൽ ഒക്ടോബർ വരെ ഓണറേറിയം ഇനത്തിൽ കോ-ഓർഡിനേറ്റർക്ക് 7,000/- രൂപ നൽകിയത് ശരിയല്ല.

തുടർവിദ്യാഭ്യാസ പ്രവർത്തനങ്ങൾ സംബന്ധിച്ച കോ-ഓർഡിനേറ്ററുടെ റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല. (പഠിതാക്കളുടെ ലിസ്റ്റ്, പരീക്ഷ എഴുതിയവരുടെ ലിസ്റ്റ്, മോണിറ്ററിംഗ് റിപ്പോർട്ട് തുടങ്ങിയവ).

മേൽ വിഷയങ്ങൾക്ക് തൃപ്തികരമായ മറുപടി ലഭ്യമാക്കാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.25/15-16 തീയതി 26-11-2016) മറുപടി ലഭ്യമാക്കിയിട്ടില്ല.

മേൽ സർക്കാർ ഉത്തരവ് പ്രകാരം വികസന ഫണ്ടിൽ നിന്ന് ശമ്പളം നൽകാൻ പാടില്ല. എന്നാൽ ഒരു പ്രൊജക്ടിന്റെ ഭാഗമായി പരമാവധി ആറു മാസത്തേക്ക് ഓണറേറിയം നൽകാവുന്നതാണ്. ഇതു പ്രകാരം കോ-ഓർഡിനേറ്റർക്ക് ഏഴ മാസത്തേക്ക് 1,000/- രൂപ നിരക്കിൽ 7,000/- രൂപ ഓണറേറിയം നൽകിയത് ക്രമപ്രകാരമല്ല. അധികം നൽകിയ ഒരു മാസത്തെ ഓണറേറിയം 1,000/- രൂപ തിരികെ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.
മേൽ കാരണങ്ങളാൽ ആകെ ചെലവഴിച്ച 44,400/- രൂപയിൽ നിരാകരിച്ച തുക കഴിച്ചുള്ള 43,400/- രൂപ തടസ്സത്തിൽ വെക്കുന്നു.

## 3-15 മൂല്യവർധിത നികുതി, ക്ഷേമനിധി വിഹിതം - യഥാസമയം ഒടുക്കു വരുത്തുന്നില്ല

ബാലൻസ് ഷീറ്റ് ബി 9 ഷെഡ്യൂൾ പ്രകാരം 62,119/- രൂപ മൂല്യവർധിത നികുതി ഒടുക്കുവാൻ ബാക്കിയുണ്ട്. ഇതിൽ 17,267/- രൂപ മുൻവർഷങ്ങളിലെ ബാക്കി തുകയാണ്. കൂടാതെ നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതമിനത്തിൽ 13,579/- രൂപയും ഒടുക്കുവാൻ ബാക്കിയാണ്. സർക്കാരിലേക്കും ഇതര സ്ഥാപനങ്ങളിലേക്കും ഒടുക്കുവാൻ ബാക്കിയുള്ള തുക അടിയന്തിരമായും ഒടുക്കു വരുത്തേണ്ടതും ഭാവിയിൽ ഇത്തരം വീഴ്ചകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 3-16 മറ്റു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള വിഹിതം - അക്കൌണ്ട് ചെയ്യൽ, വിനിയോഗം ക്രമപ്രകാരമല്ല

ഗ്രാമപഞ്ചായത്തിന് വിവിധ വർഷങ്ങളിലായി ലഭിച്ച ജില്ലാ/ബ്ലോക്ക് പഞ്ചായത്ത് വിഹിതങ്ങൾ കാലാകാലങ്ങളിലുള്ള സർക്കാർ നിർദ്ദേശങ്ങൾക്കു വിരുദ്ധമായി മാടായി സർവ്വീസ് സഹകരണ ബാങ്ക് അക്കൌണ്ടിലാണ് ക്രെഡിറ്റ് ചെയ്തു വരുന്നത്. ആയത് വിവിധ നിർവ്വഹണ ഉദ്യോഗസ്ഥന്മാർക്ക് കൈമാറുന്നതിനു വേണ്ടി ചെക്കു നല്കുന്നത് ട്രഷറിയിലെ വി പി എഫ് എ 1 അക്കൌണ്ടിൽ നിന്നുമാണ്. അതു കൊണ്ടു തന്നെ ബാങ്ക് അക്കൌണ്ടിൽ നിലവിൽ നീക്കിയിരിപ്പുള്ളതായി കാണിച്ച ഒന്നേകാൽ കോടിയോളം രൂപ യഥാർത്ഥത്തിൽ പഞ്ചായത്തിന്റെ തനതു വരുമാനവും ഋണബാധ്യതയും മാത്രമല്ല.

ഓരോ വർഷവും ലഭിക്കുന്ന തുക അതാത് സാമ്പത്തിക വർഷം തന്നെ വിനിയോഗിക്കേണ്ടതും അവശേഷിക്കുന്ന തുക ഫണ്ട് നല്കിയ തദ്ദേശ സ്ഥാപനത്തിന് തിരിച്ചു നല്കേണ്ടതുമാണെന്നിരിക്കെ ഗ്രാമപഞ്ചായത്ത് അക്കൌണ്ടിൽ നിലവിൽ താഴെ പറയും പ്രകാരമുള്ള വിഹിതങ്ങൾ നീക്കിയിരിപ്പുണ്ട്.

ജില്ലാ പഞ്ചായത്ത് വിഹിതം - 12,65,762/- രൂപ

ബ്ലോക്ക് പഞ്ചായത്ത് വിഹിതം - 23,12,561/- രൂപ

ഇതിനു പുറമേ 2010-11 സാമ്പത്തിക വർഷം ഭവന നിർമ്മാണ പദ്ധതിക്കായി ലഭിച്ച ജില്ലാ പഞ്ചായത്ത് വിഹിതം വി ഇ ഒ യുടേയും പ്രസിഡണ്ടിന്റെയും സംയുക്ത അക്കൌണ്ടിൽ നിക്ഷേപിച്ചത് പലിശ സഹിതം (25,24,432/- രൂപ) സെക്രട്ടറിയുടെ പേരിലുള്ള തനത് ഫണ്ട് അക്കൌണ്ടിൽ നിക്ഷേപിച്ചതും ഇത്തരത്തിൽ വരുന്ന നീക്കിയിരിപ്പാണ്.

ഫണ്ട് വിനിയോഗം സംബന്ധിച്ച പുതിയ സർക്കാർ നിർദ്ദേശങ്ങൾ ജില്ലാ/ബ്ലോക്ക്

പഞ്ചായത്തുകൾക്കും ബാധകമാണെന്നതിനാൽ മേൽ തുകകൾ എന്തു ചെയ്യണമെന്നതു സംബന്ധിച്ച സർക്കാർ നിർദ്ദേശം തേടേണ്ടതും ആയത് പാലിച്ച് കൊണ്ട് തുക വിനിയോഗിക്കുകയോ തിരിച്ചടക്കുകയോ ചെയ്യേണ്ടതുമാണ്.

## 3-17 പ്രത്യേക കന്നുകുട്ടി പരിപാലനം - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാത്തത്

നിർവ്വഹണ ഉദ്യോഗസ്ഥൻ - വെറ്ററിനറി സർജൻ

പ്രൊജക്ട് നമ്പർ - S0002/16

പ്രൊജക്ടിന്റെ പേര് - പ്രത്യേക കന്നുകുട്ടി പരിപാലനം

അടങ്കൽ - 2,50,000/- (ധനകാര്യകമ്മീഷൻ ഗ്രാന്റ്)

2,50,000/- (സംസ്ഥാനാവിഷ്കൃത ഫണ്ട്)

5,00,000/- (ഗുണഭോക്തൃ വിഹിതം)

-------------

ആകെ - 10,00,000/-

========

ബിൽ നം./തീയതി - P01/15-16/30-9-2015 – 2,50,000/- രൂപ

നാലു മാസം മുതൽ ആറു മാസം വരെ പ്രായമുള്ള കന്നുകുട്ടികൾക്ക് (40 എണ്ണം) 32 മാസം വരെ സബ്സിഡി നിരക്കിൽ കാലിത്തീറ്റ നൽകുന്നതിനു വേണ്ടി തയ്യാറാക്കിയ മേൽ പദ്ധതിയുടെ നിർവ്വഹണത്തിനായി പഞ്ചായത്ത് വിഹിതമായ 2,50,000/- രൂപ ഡെപ്യൂട്ടി ഡയറക്ടർ, എസ്.എൽ.ബി.പി. കണ്ണൂരിന് നൽകിയിട്ടുണ്ട്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.14/15-16 തീയതി 23.11.2016-ന് നൽകിയ മറുപടിയിൽ പ്രസ്തുത വിവരങ്ങൾ നൽകുന്നതിനായി ഡെപ്യൂട്ടി ഡയറക്ടർ, എസ്എൽബിപി, കണ്ണൂരിനോട് ആവശ്യപ്പെട്ടിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്.

പദ്ധതി പൂർത്തിയാകുന്ന മുറക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

## 3-18 സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പാലിക്കാതെ പദ്ധതി നടപ്പിലാക്കി - 22,040/- രൂപയുടെ ചെലവ് നിരാകരിക്കുന്നു

നിർവ്വഹണം - മെഡിക്കൽ ഓഫീസർ, പിഎച്ച്സി

പദ്ധതി - പാലിയേറ്റീവ് പരിചരണം 80/16

അടങ്കൽ - 3,00,000/- (വി.ഫ.ജനറൽ)

- 1,00,000/- (ജില്ലാപഞ്ചായത്ത് വിഹിതം)

| ബിൽ നം./തീയ്യതി | തുക |
|---|---|

| | |
|---|---|
| 6/15-16 തീയതി 15.12.2015 | 49,965 |
| 8/15-16 തീയതി 28.01.2016 | 21,667 |
| 9/15-16 തീയതി 10.03.2016 | 20,447 |
| 11/15-16 തീയതി 30.03.2016 | 57,450 |
| ആകെ | 1,49,529 |

(എ) ജി.ഒ.(ആർ.ടി)3217/2015/തസ്വഭവ തീയതി 29.10.15 പ്രകാരം ഹോം കെയർ വാഹനത്തിന് നല്കാവുന്ന പരമാവധി വാടക ഒരു ദിവസത്തേക്ക് 1,100/- രൂപയാണ്. (45 കിലോമീറ്ററിൽ കൂടുതൽ ഓടുന്നുണ്ടെങ്കിൽ). എന്നാൽ സർക്കാർ ഉത്തരവ് വന്നതിനു ശേഷവും ഗ്രാമപഞ്ചായത്തിലെ ഹോംകെയർ ടീമിന്റെ ആവശ്യത്തിനായി ഓടുന്ന വാഹനത്തിന്റെ ദിവസ വാടക 1,500/- രൂപ വീതം നല്കിയിട്ടുണ്ട്.

മേൽ ഉത്തരവ് പ്രകാരം ഹോം കെയർ സന്നദ്ധ പ്രവർത്തകർക്കായി ഭരണച്ചെലവിനായി ഒരു ദിവസം പരമാവധി ചെലവഴിക്കാവുന്ന തുക 180/- രൂപയാണ്. (3x60)എന്നാൽ ദിവസം ഇതിൽ കൂടുതൽ തുക ചെലവഴിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവിനു വിരുദ്ധമായ രീതിയിൽ പദ്ധതി നടപ്പാക്കിയതിനാൽ 2015 നവംബർ മാസം മുതൽ 2016 മാർച്ച് വരെ ചെലവഴിച്ച 22,040/- രൂപയുടെ ചെലവ് നിരാകരിക്കുന്നു.

(ബി) ജില്ലാപഞ്ചായത്ത് വിഹിതം:

പദ്ധതി നടത്തിപ്പിനുവേണ്ടി ജില്ലാ പഞ്ചായത്തിൽനിന്നും വകയിരുത്തിയ 1,00,000/- രൂപ ലഭിച്ചിട്ടുണ്ടോ എന്നറിയുന്നതിനു വേണ്ടി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (13/2015-16. തീയതി 23.11.16) തുക പ്രസ്തുത സാമ്പത്തിക വർഷം ലഭിച്ചിട്ടില്ല എന്നാണ് അറിയിച്ചത്. വകയിരുത്തിയ തുക ലഭ്യമാക്കി പദ്ധതി പൂർണ്ണമായി നടപ്പിലാക്കുന്നതിനു വേണ്ടി ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-19 രജിസ്റ്റർ സൂക്ഷിപ്പ്

1. വിവിധ പെൻഷനുകളുടെ അപേക്ഷാ രജിസ്റ്ററുകൾ അപൂർണ്ണമാണ്. ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്തി രജിസ്റ്ററുകൾ പൂർത്തിയാക്കേണ്ടതാണ്.

2. ടെണ്ടർ ഫോറം സ്റ്റോക്ക് & സെയിൽ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ആയത് തയ്യാറാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

3. സ്റ്റോക്ക് രജിസ്റ്ററുകളിൽ സ്റ്റോക്ക് വിവരങ്ങൾ രേഖപ്പെടുത്തുന്നുണ്ടെങ്കിലും ഏത് രീതിയിൽ ഉപയോഗിച്ചു എന്നതു സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല. എല്ലാ എൻട്രികളും സെക്രട്ടറി സാക്ഷ്യപ്പെടുത്താത്തതും അപാകമാണ്.

4. ഗ്രാമപഞ്ചായത്ത് ഭരണസമിതി മിനുട്സ് യഥാസമയം പ്രസിഡണ്ട് സാക്ഷ്യപ്പെടുത്തുന്നില്ല. രേഖപ്പെടുത്തലുകൾക്കിടയിൽ സ്ഥലം ഒഴിച്ചിടുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഓഡിറ്റ് വർഷം സംയുക്ത പ്രൊജക്ടുകൾക്കായി ലഭിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതിയുടെ പേര്, നമ്പർ | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക്പഞ്ചായത്ത് | 27,000 | നെൽകൃഷി വികസനം | 27,000 | -- |
| ജില്ലാ പഞ്ചായത്ത് | 2,75,000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 2,73,825 | 1,175 |
| ആകെ | 3,02,000 | | 3,00,825 | 1,175 |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷം താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി ചെയ്യുന്നതിന് മുൻകൂർ നല്കിയിട്ടുണ്ട്.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര്/നമ്പർ | വൌച്ചർ നമ്പർ തീയതി | തുക | ചെലവഴിച്ച തുക | ബാക്കി തുക |
|---|---|---|---|---|---|
| കെഎസ്ഇബി | അട്ടത്തില ജംഗ്ഷൻ മുതൽ മാടായിക്കാവ് വരെ തെരുവുവിളക്ക് ലൈൻ ദീർഘിപ്പിക്കൽ –223/16 | 21500950/ 01.01.16 | 56150 | 0 | 56150 |
| ,, | ക്രസന്റ് കോളജ് റോഡിൽ തെരുവു വിളക്ക ലൈൻ വലിക്കൽ -167/16 | 21500951/ 01.01.16 | 306655 | -- | 306655 |
| കെ ഡബ്ല്യ എ | ബഡ്സ് സ്കൂളിലേക്ക് കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിക്കൽ- 172/16 | 21501419/ 01.08.15 | 68000 | -- | 68000 |
| ,, | അട്ടത്തില അംഗൻവാടി കുഴൽക്കിണർ നിർമ്മാണം -24/16 | 21500837/ 19.12.15 | 121275 | 121275 | 0 |
| ,, | ഇ.എൻ. ആസ്യയുടെ വീടിനു സമീപത്തുള്ള കനാൽ ക്രോസിംഗ് ഭാഗത്തേക്ക് കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിക്കൽ – 89/16 | 21500838/ 19.12.15 | 92000 | -- | 92000 |
| ,, | മൈലാഞ്ചിക്കൽ ബീഫാത്തുവിന്റെ വീട്ടു മുതൽ പുന്നക്കൽ | 21500840/ | 143000 | -- | 143000 |

| | | | | | |
|---|---|---|---|---|---|
| | ബീഫാത്തുവിന്റെ വീട്ടുവരെ കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിക്കൽ - 90/16 | 19.12.15 | | | |
| ,, | ബിലാൽ പള്ളി ഭാഗത്തേക്ക് കുടിവെള്ള പൈപ്പ് ലൈൻവലിക്കൽ 162/16 | 21500842/ 19.12.15 | 61000 | -- | 61000 |
| ,, | കക്കാടപ്രം റേഷൻ ഷോപ്പ് ഭാഗം മുതൽ വെങ്ങര മൂലക്കിൽ കടവു വരെ കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ – 180/16 | 21501075/ 10.02.16 21501082/ 10.02.16 | 125000 | -- | 125000 |
| ,, | വെൽഫെയർ സ്കൂൾ മുതൽ കൃഷ്ണൻകുട്ടി വീട്ടുവരെ കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ - 185/16 | 21501296/ 25.03.16 | 73000 | -- | 73000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് - ക്രമീകരിക്കാൻ അവശേഷിക്കുന്നത്

---ഇല്ല---

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്ത് 1,20,000/- രൂപ വായ്പയെടുത്തിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്. ലോൺ<br>ഭവനനിർമ്മാണം | സ.ഉ.(സാധാ)728/ 10/തസ്വഭവ തീയതി 04.03.2010<br>1,10,13,025/-രൂപ വായ്പയെടുക്കാൻ | 120000 | 465504 | 443004 | 576163 | 142500 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

- കണ്ണൂർ കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ സൊസൈറ്റിയിൽ ഷെയർ സർട്ടിഫിക്കറ്റ് നം. 7 തീയതി 16.06.15 ആയി 15,000/- രൂപയുടെ ഷെയർ സർട്ടിഫിക്കറ്റ് ഉണ്ട്.

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| കണ്ണൂർ കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ സൊസൈറ്റി, മെമ്പർ നമ്പർ 123D | 15,000 |

- നിലവിലുണ്ടായിരുന്ന 3,000/- രൂപയുടെ ഷെയർ വാല്യൂ വർധിപ്പിക്കുന്നതിനായി 12,000/- രൂപ കൂടുതലായി നിക്ഷേപിച്ചത് 2014-15 സാമ്പത്തിക വർഷത്തിലായിരുന്നുവെങ്കിലും ഷെയർ സർട്ടിഫിക്കറ്റ് ലഭിച്ചത് 16.06.15 തീയതി രേഖപ്പെടുത്തിയാണ്.

## 4-6 ഓഡിറ്റ് റിക്കവറി

----ഇല്ല---

## 4-7 സമാഹൃത റിപ്പോർട്ടിൽഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

----ഇല്ല----

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 3,84,34,945 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 5,41,48,109 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 35,321 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 23,040 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 5,25,379 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം. | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 2-2 | 12,821/- (വരവ് നഷ്ടം) | ശ്രീ. അബ്ദുൾ ഫത്താഹ ബി., സെക്രട്ടറി |
| 3-3 | 22,500/- (വരവ് നഷ്ടം) | ശ്രീ. അബ്ദുൾ ഫത്താഹ ബി., സെക്രട്ടറി |
| 3-14 | 1,000/- (ചെലവ് നഷ്ടം) | ശ്രീ. കുമാരൻ പി., ഹെഡ് മാസ്റ്റർ |
| 3-18 | 22,040/- (ചെലവ് നഷ്ടം) | ഡോ. പ്രസൂൺ സി., മെഡിക്കൽ ഓഫീസർ, പിഎച്ച്സി |

ഓഡിറ്റിൽ തടസപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തടസപ്പെടുത്തിയ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| | | |
|---|---|---|
| 3-5 | 1,03,500 | ശ്രീ. അബ്ദുൾ ഫത്താഹ ബി., സെക്രട്ടറി |
| 3-10 | 92,459 | ശ്രീ. അശോകൻ എൻ. കെ.,<br>അസിസ്റ്റന്റ് സെക്രട്ടറി |
| 3-11 | 86,020 | „ |
| 3-12 | 2,00,000 | „ |
| 3-14 | 43,400 | ശ്രീ. കുമാരൻ പി., ഹെഡ് മാസ്റ്റർ |
| ആകെ | 5,25,379 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക 3-3

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

---ഇല്ല---

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.കുമാരൻ പി.,<br>ഹെഡ് മാസ്റ്റർ | ഹെഡ് മാസ്റ്റർ<br>ജി ഡബ്ല്യൂ യു പി എസ്, വെങ്ങര | മൈനെസ്റ്റ്, മൊട്ടാമ്പ്രം,<br>പി. ഒ. മാടായി. |
| ശ്രീ.അബ്ദുൾ ഫത്താഹ ബി,<br>സെക്രട്ടറി | സെക്രട്ടറി,<br>മാടായി ഗ്രാമപഞ്ചായത്ത് | ആത്തീമ മൻസിൽ<br>വിമൻസ് ഹോസ്റ്റലിന് എതിർവശം<br>പി.ഒ. പിലാത്തറ |
| ഡോ. പ്രസൂൺ സി., മെഡിക്കൽ ഓഫീസർ, പിഎച്ച്സി. | മെഡിക്കൽ ഓഫീസർ, പിഎച്ച്സി., മുട്ടം | ചിപ്പി ഹൌസ്, കുമ്മൻ തൊടിപ്പറമ്പ, എടക്കാട്, (P.O) കോഴിക്കോട്. |

## 4-9 ഓഡിറ്റ് ഇംപാക്ട്

2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് വേളയിൽ കണ്ടെത്തിയ താഴെ പറയുന്ന തുക ഓഡിറ്റ് വേളയിൽ തിരിച്ചടച്ചിട്ടുണ്ട്.

| ഓഡിറ്റ് എൻക്വയറി നമ്പർ | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ | വിഷയം | ഒടുക്കിയ തുക | റസീറ്റ് നമ്പർ/തീയതി |
|---|---|---|---|---|
| 28/15-16 | ശ്രീ.അബ്ദുൾഫത്താഹ്, സെക്രട്ടറി | വസ്തു നികുതി ഈടാക്കിയതിൽ കുറവു വന്നത് | 794 | 11602105674/ 30.11.16 |
| 16/15-16 | ,, | യാത്രാബത്ത അധികം കൈപ്പറ്റിയത് | 1,200 | 11602105683/30.11.16 1000/- രൂപ 11602105684/30.11.16 200/- രൂപ |
| 23/5-16 | ,, | വസ്തുനികുതി ഈടാക്കിയതിൽ കുറവു വന്നത് | 1,408 | 11602105686/30.11.16 672/- രൂപ 11602105687/30.11.16 736/- രൂപ |
| | | ആകെ | 3,402 | |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | എൽഎഫ്/കെഎൻആർ/സി7-1423 തീയതി 13.08.14 | 1 |
| 1999-2000പ്ലാൻ | എൽഎഫ്/സി13-1520/03 തീയതി 22.01.2014 | 7 |
| 2000-01 പ്ലാൻ | എൽഎഫ്/സി13-1336/08(15) തീയതി 18.10.08/04.06.09 | 9 |
| 2002-03 | എൽഎഫ്/കെഎൻആർ/സി7/1423/13 തീയതി 13.08.14 | 8 |
| 2003-04 | എൽഎഫ്/കെഎൻആർ/സി4-649/09 തീയതി 17.11.09 | 22 |

| | | |
|---|---|---|
| 2004-05 | എൽഎഫ്/കെഎൻആർ/സി7-1423/13 തീയതി 13.08.14 | 6 |
| 2005-06 | എൽഎഫ്/കെഎൻആർ/സി4-718/09<br>തീയതി 17.11.09 | 5 |
| 2006-07 | എൽഎഫ്-5235/സ്പെ.സെൽ/സിഎസ് സി/ ഡി3/12 06.05.14 | 40 |
| 2007-08 | എൽഎഫ്/കെഎൻആർ/സി4-1214/09 തീയതി 14.12.11 | 23 |
| 2008-09 | എൽഎഫ്/കെഎൻആർ/സി 7-36/12<br>തീയതി 19.09.12 | 5 |
| 2009-10 | എൽഎഫ്/കെഎൻആർ/സി7/33/13<br>തീയതി 17.07.13 | 17 |
| 2010-11,2011-12 | എൽഎഫ്/കെഎൻആർ/സി7/971/13 | 13 |
| 2012-13 | എൽഎഫ്/കെഎൻആർ/സി7/1100/15 | 21 |
| 2013-14,2014-15 | എൽഎഫ്/കെഎൻആർ/സി7-1459/16 തീയതി 09.08.16. | 16 |

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## അനുബന്ധം 1

# Audit certificate

No. KSA/KNR/C2/2095/2016.

KERALA STATE AUDIT DEPARTMENT

DISTRICT AUDIT OFFICE

KANNUR

PHONE 04972707698

E-mail - lfaddistofficeknr

Dated : 06.01.2017.

Certified that I have audited the Annual Financial Statement of Madayi Grama Panchayath in Kannur District for the year ended 31.03.16 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of Kerala Panchayath Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayath Raj Institutions.

In my opinion, the Financial Statements of Madayi Grama Panchayath for the year 2015-16 except the observations in my audit report properly presents the picture of income and expenditure.

Deputy Director,

District Audit Office, Kannur.

# ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം. കെഎസ്എ/കെഎൻആർ/സി2/2095/2016.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

ഫോൺ 04972707698,

ഇ –മെയിൽ lfaddistofficeknr@gmail.com

തീയതി: 06.01.2017.

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കണ്ണൂർ ജില്ലയിലെ മാടായി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ച പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ മാടായി ഗ്രാമപഞ്ചായത്തിന്റെ 2015-16-ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.